കേരള സർക്കാർ

.

# കോതമംഗലം നഗരസഭ

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(എം2)1969/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 13-02-2020**

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കോതമംഗലം നഗരസഭ.

സർ,

വിഷയം :-കോതമംഗലം നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

s

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5)കാര്യാലയ പകർപ്പ്.

നം. കെഎസ്.എ-ഇകെ.എം (എം1) 1969/2019. തീയതി. 13.02.2020

**എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കോതമംഗലം നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 1.4.2018 മുതൽ 31.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഹരിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2019മുതൽ 29.11.2019 വരെ. |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. ജിനിൽ റോയ് ഡി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനീത് ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ റഷീദ് സി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈബി.ഇ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രവീൺ.വി.എൻ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.മഞ്ജു സിജു | 1.04.2018 | 31.03.2019 |
| വൈസ് ചെയർമാൻ | ശ്രീ.എ.ജി.ജോർജ് | 1.04.2018 | 31.03.2019 |

**<u>നിർവ്വഹണോദ്യാഗസ്ഥരുടെ പേരു വിവരം</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| സെക്രട്ടറി | ഡോ.സാംജി ഡേവിഡ് | 01.04.2018 | 03.06.2018 |
| | ശ്രീമതി.രമണി പി (സൂപ്രണ്ട് , ഇൻ ചാർജ്) | 04.06.2018 | 18.06.2018 |
| | ഡോ.സാംജി ഡേവിഡ് | 19.06.2018 | 20.06.2018 |
| | ശ്രീമതി.രമണി പി (സൂപ്രണ്ട് , ഇൻ ചാർജ്) | 21.06.2018 | 24.06.2018 |
| | ശ്രീമതി.കവിത എസ് കുമാർ | 25.06.2018 | 31.03.2019 |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി.സാറാ സൂര്യ ജോർജ്ജ് | 01.04.2018 | 11.06.2018 |
| | ശ്രീ.പി.ജെ. തങ്കച്ചൻ (ഇൻ ചാർജ്ജ്) | 12.06.2018 | 31.07.2018 |
| | ശ്രീമതി.സാറാ സൂര്യ ജോർജ്ജ് | 01.08.2018 | 16.08..2018 |
| | ശ്രീഅനൂപ് ജോർജ്ജ് (അസിസ്റ്റന്റ് എഞ്ചിനിയർ, ഇൻ ചാർജ്) | 17.08.2018 | 22.08.2018 |
| | ശ്രീമതി.അനിത എസ് | 23.08.2018 | 31.03.2019 |
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ. സാജു.ഇ.പി. (ഇൻ ചാർജ്ജ്) | 01.04.2018 | 31.05.2018 |
| | ശ്രീമതി.എസ് സീനത്ത് ബീവി | 01.06.2018 | 31.03.2019 |
| വെറ്റിനറി സർജൻ | ഡോ.എ എൽദോസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.പത്മകുമാരി. പി.എൻ. | 01.04.2018 | 24.10.2018 |
| | ഡോ.സിനി ഐസക്ക് | 25.10.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഷീന ആനി തോമസ് | 01.04.2018 | 31.03.2019 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | ശ്രീ.കെ വി വിൻസെന്റ് (HI II) | 01.04.2018 | 09.08.2018 |
| | ശ്രീ.പ്രദീപൻ മരുതേരി (HI II) | 10.08.2018 | 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുപ്രിയാദേവി. എസ്.പി. | 01.04.2018 | 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ടി.എ. റസീറ | 01.04.2018 | 31.03.2019 |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.മണികണ്ഠൻ. കെ | 01.04.2018 | 16.07.2018 |
| | ശ്രീ.കെ വി വിൻസെന്റ് (HI II, (ഇൻ ചാർജ്ജ്) | 16.07.2018 | 07.08.2018 |

| | | | |
|---|---|---|---|
| | ശ്രീ.പി പി മുഹമ്മദാലി അഷറഫ് | 08.08.2018 | 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഹുമൈബാൻ ടി ഇ | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജോജു സി കുര്യൻ | 01.04.2018 | 20.06.2018 |
| | ശ്രീ. അനൂപ് ജോർജ്ജ് | 21.06.2018 | 31.03.2019 |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| 1 | ബജറ്റ് | **1-1** |
| 2 | വാർഷിക ധനകാര്യപത്രിക. | **1-2** |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 13 | വസ്തുനികുതി സംബന്ധിച്ച അപാകതകൾ | 1-13 |
| 14 | നഗരസഭയിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങൾ – ക്രമവൽക്കരിച്ചിട്ടില്ല. | 1-14 |
| 15 | റഗുലറൈസേഷൻ അപേക്ഷകളിൽ നടപടി വൈകുന്നു. | 1-15 |
| 16 | മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-17 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-18 |
| 19 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും | 1-19 |

| | | |
|---|---|---|
| | രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ – അപാകതകൾ | |
| 20 | പങ്കാളിത്ത പെൻഷൻ പദ്ധതി – പെൻഷൻ വിഹിതം അടവുവരുത്തുന്നില്ല. | 1-20 |
| 21 | ശമ്പളത്തിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തുന്നില്ല | 1-21 |
| 22 | നഗരസഭയുടെ കെട്ടിടങ്ങളിലെ വെള്ളക്കരം കുടിശ്ശിക | 1-22 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക തുക ക്രമീകരിച്ചിട്ടില്ല. | 1-23 |
| 24 | വൈദ്യുതി ചാർജ് കുടിശ്ശിക-പിഴത്തുക തനത് ഫണ്ടിൽ നിന്ന് അടവാക്കി | 1-24 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 26 | കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം-യഥാസമയം വിതരണം ചെയ്യുന്നില്ല. | 1-26 |
| 27 | സ്യൂട്ട് രജിസ്റ്ററുകളും കേസ് സംബന്ധിച്ച ഫയലുകളും കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-27 |
| 28 | തുല്യതാപരീക്ഷ ഫീസ് ഒടുക്കൽ – അപാകതകൾ | 1-28 |
| 29 | ആരോഗ്യ ജാഗ്രതാ പ്രവർത്തനം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 30 | അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി) -നിർവ്വഹണത്തിൽ അപാകതകൾ | 1-30 |
| 31 | മുൻകൂർ നൽകിയമുഴുവൻ തുകയ്ക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-31 |
| 32 | നെൽകൃഷിക്ക് സബ്സിഡി-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-32 |
| 33 | പഠനോപകരണ വിതരണ പ്രൊജക്ട് - ഷെൽഫ് വിതരണം പൂർത്തിയാക്കിയില്ല. | 1-33 |
| 34 | ലാപ്പ് ടോപ്പ് വിതരണ പ്രൊജക്ട് - വിതരണം പൂർത്തിയാക്കിയില്ല. | 1-34 |
| 35 | ഭവന നിർമ്മാണ പ്രോജക്ടുകൾ നിർവ്വഹണത്തിൽ അപാകതകൾ | 1-35 |
| | | |

| | | |
|---|---|---|
| 36 | മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല | 1-36 |
| 37 | ജി എസ് റ്റി ഇനത്തിൽ അധിക തുക നൽകി | 1-37 |
| 38 | തൊഴിലുറപ്പ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ. | 1-38 |
| 39 | പെൻഷൻ ഫണ്ട് | 1-39 |
| | ഭാഗം -2 | |
| 40 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 2-1 |
| | ഭാഗം- 3 | |
| 41 | ലഭ്യമാകാത്ത തൈകൾക്ക് അൺലോഡിംഗ് ചാർജ് നൽകി | 3-1 |
| | **ഭാഗം 4** | |
| 42 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 50 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 54 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 55 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 56 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 12.3.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 01.07.2019 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43314577.40 |
| വരവ് | 265104449.00 |
| ആകെ | 308419026.40 |
| ചെലവ് | 249563012.00 |
| നീക്കിയിരിപ്പ് | 58856014.40 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 40735655 | 40735655 | 36401801 | 0 | 4333854 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9925000 | 9925000 | 7082597 | 0 | 2842403 |
| വികസന ഫണ്ട്-ടി എസ്.പി (ACR പ്രകാരം) | 0 | 490000 | 490000 | 0 | 0 | 490000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 29442000 | 29442000 | 23752942 | 0 | 5689058 |
| മെയിന്റ നൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 9236000 | 9236000 | 6719396 | 0 | 2516604 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 58601125 | 58601125 | 32225798 | 0 | 26375327 |
| എസ് എസ് എ UBI | 58637 | 2079 | 60716 | 0 | 60716 | 0 |
| ദുരിതാ ശ്വാസ നിധി | 1100 | 0 | 1100 | 0 | 1100 | 0 |
| എ.യു.ഇ. ജി.എസ് | 2795705 | 3078074 | 5873779 | 3039385 | 2834394 | 0 |
| ഐ.എച്ച്. എസ്. ഡി.പി. | 185809 | 78859 | 264668 | 0 | 264668 | 0 |
| സോളിഡ് വേസ്റ്റ് മാനേജ് | 12624231 | 503791 | 13128022 | 229255 | 12898767 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| മെന്റ് | | | | | | | |
| ഐ.ഡി. എസ്. എം.ടി | | 3359100 | 0 | 3359100.33 | 0 | 3359100 | 0 |
| എൻ.യു.എൽ. എം. | | 1486064 | 1994884 | 3480948 | 2743715 | 737233 | 0 |
| എം.പി/ എം.എൽ.എ | | 0 | 77799 | 77799 | 77799 | 0 | 0 |
| പി.എം.എ. വൈ. | | 4541315 | 53053944 | 57595259 | 38112259 | 19483000 | 0 |
| സ്വച്ച് ഭാരത് | | 477299 | 0 | 477299 | 206592 | 270707 | 0 |
| ഫ്ലഡ് റിലീഫ് ഫണ്ട് | | 0 | 750000 | 750000 | 750000 | 0 | 0 |
| Union Bank(KS a/c | | 333905 | 0 | 333905 | 0 | 333905 | 0 |
| Fund for transferred institutions-Social welfare | | 0 | 851780 | 851780 | 851780 | 0 | 0 |
| Unemployment Allowance | | 0 | 91380 | 91380 | 91380 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3310069 | 16157035 | 19467104 | 18180145 | 1286959 | 0 |
| തനത് ഫണ്ട് | ടി പി എ 77 | 28163 | 10501267 | 10529430 | 6387548 | 4141882 | 0 |
| | എസ് ബി ഐ 17970 പി എഫ് | 679980 | 4755 | 684735 | 684735 | 0 | 0 |
| | എസ് ഐ ബി 5516 | 124288.75 | 5047 | 129335.75 | 0 | 129335.75 | 0 |
| | ടി പി എ 105 | 18796 | 846 | 19642 | 0 | 19642 | 0 |
| | ടി പി എ 182 | 2638281 | 10153 | 2648434 | 1707259 | 941175 | 0 |
| | തനത് ഫണ്ട് | 10482793.65 | 71758386 | 82241179.65 | 70318236 | 11922943.65 | 0 |
| | എസ് ബി ടി - KURDFC | 36620 | 0 | 36620 | 0 | 36620 | 0 |
| | എസ് ബി ടി ബി ഫണ്ട് | 131772 | 0 | 131772 | 0 | 131772 | 0 |
| | എസ് ബി ടി 72017 | 649 | 1836 | 2485 | 390 | 2095 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 19,34,88,720 | 193 | 10,76,21,710 | 0 | 131 | 60% |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട ചില പദ്ധതികൾ</u>**

| പ്രോജക്ട് നം | പദ്ധതിയുടെ പേര് |
|---|---|
| എസ്.021/19 | തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത ബി പി എൽ പഠിതാക്കളുടെ ഫീസ് ഒടുക്കൽ |
| എസ്.033/19 | തെരുവ് വിളക്കുകൾക്ക് ആവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| [illegible] | [illegible] |

| | |
|---|---|
| എസ്.0166/19 | തങ്കളം ബസ് സ്റ്റാന്റിന് ചുറ്റുമതിൽ നിർമ്മാണം |
| എസ്.0178/19 | സബ് സ്റ്റേഷൻ, മാതിരപ്പള്ളി, വായനശാലപ്പടി, കുത്തുകുഴി, ചെറുപള്ളിത്താഴം എന്നിവിടങ്ങളിൽ പൊതുശൌചാലയ നിർമ്മാണം |
| എസ്.0182/19 | കേരളോത്സവം |

2018-19 സാമ്പത്തിക വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 8 | 4800518 | 3342716 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 4346900 | 1830372 |
| 3 | മെഡിക്കൽ ഓഫീസർ – താലൂക്ക് ഹോസ്പിറ്റൽ | 6 | 6 | 3610000 | 3247340 |
| 4 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 300000 | 300000 |
| 5 | ഹെൽത്ത് ഓഫീസർ | 15 | 11 | 12450929 | 3712838 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5 | 6065372 | 5339781 |
| 7 | മുനിസിപ്പൽ സെക്രട്ടറി | 13 | 12 | 17097797 | 14433256 |
| 8 | ഹെഡ്മാസ്റ്റർ, ഗവ. ലോവർ പ്രൈമറി സ്കൂൾ | 2 | 0 | 425000 | 0 |
| 9 | പ്രിൻസിപ്പാൾ, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ | 2 | 0 | 385000 | 0 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 239 | 127 | 118588896 | 57900088 |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 11 | 7 | 3921708 | 922413 |
| 12 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 1 | 1 | 1500000 | 1500000 |
| 13 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര നിർമ്മാർജ്ജന സെൽ | 14 | 11 | 19996600 | 15092906 |
| ആകെ | | 324 | 193 | 193488720 | 107621710 |

# 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2795705 | 361933 | 3157639 | 323244 | 2834394 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2697049 | 2697049 | 2697049 | |

| | | | | | |
|---|---|---|---|---|---|
| (കൂലിച്ചെലവ്) | | | | | |
| മെറ്റീരിയൽ കോസ്റ്റ് | | 19092 | 19092 | 19092 | |
| ആകെ | 2795705 | 3078074 | 5873779 | 3039385 | 2834394 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് ലഭിച്ച കുടുബങ്ങൾ | | | തൊഴിലെടുത്തവർ | | | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 100 ദിനം തൊഴിൽ ലഭിച്ചവർ | നൽകിയ വേതനം |
|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | ആകെ | പു. | സ്ത്രീ | ആകെ | പട്ടിക ജാതി | | | |
| 891 | 111 | 1002 | 75 | 778 | 853 | 91 | 10112 | ഇല്ല | 2584021 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി യിൽ പ്പെടുത്തി റോഡിലെ വെള്ളക്കെട്ട് തടയൽ,കാന നവീകരണം,തോട് ശുചീകരണം, തോട് പുനരുദ്ധാരണം,പുഴയിലെ കടവ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും PMAY, LIFE ഭവനനിർമ്മാണവും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളും മാത്രമാണ് നടത്തിയിട്ടുള്ളത്.

# 1-7 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91380 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 3574000 | 282 |
| വിധവാപെൻഷൻ | 16586100 | 1361 |
| വാർദ്ധക്യകാലപെൻഷൻ | 30085200 | 2444 |
| വികലാംഗപെൻഷൻ | 4789300 | 375 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 881600 | 73 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2019 ഉച്ചകഴിഞ്ഞ് 3 മണിക്ക് റവന്യൂ ഇൻസ്പെക്ടറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 70,013/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

<u>പദ്ധതികളുടെ മോണിട്ടറിങ്.</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്. മോണിട്ടറിങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ് സമിതികൾ വിലയിരുത്തുന്നില്ല.

<u>വാഹനങ്ങളുടെ ലോഗ് ബുക്ക്</u>

നഗരസഭയിൽ ഏഴ് വാഹനങ്ങളാണ് ഉള്ളത്. ഇവയുടെ ലോഗ് ബുക്കുകളിലെ രേഖപ്പെടുത്തലുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. KL 44 F 5843 ബൊലേറൊ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധനം അടിക്കുമ്പോൾ അതത് സമയം ലോഗ്ബുക്കിൽ രേഖപ്പെടുത്താതെ ബിൽ തുക നൽകുമ്പോൾ മാത്രം പരിശോധിച്ച് രേഖപ്പെടുത്തുന്നതായി കാണുന്നു. 2018 ഓഗസ്റ്റ് മാസം ഇന്ധനം അടിച്ചതിന്റെ ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഫ്യുവൽ രജിസ്റ്ററിലും ലോഗ് ബുക്കിലും ആയത് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതിന് മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

<u>വൌച്ചറുകളുടെ സൂക്ഷിപ്പ്</u>

സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൌച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിക്കണമെന്ന മുൻ ഓഡിറ്റ് നിർദ്ദേശം 2018-19 ലും പാലിച്ചിട്ടില്ല. സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൌച്ചറുകൾ കണ്ടിജന്റ് ബില്ലിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

<u>മുൻകൂർ ക്രമീകരിക്കുന്നില്ല</u>

മുൻകൂറുകൾ നൽകുന്നത് യഥാസമയം ക്രമീകരിക്കുന്നതിൽ നഗരസഭ വീഴ്ച്ച വരുത്തുന്നതായി കാണുന്നു. ക്രമീകരിച്ച മുൻകൂറുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിലും വീഴ്ച്ച വരുത്തുന്നുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>പേഴ്സണൽ രജിസ്റ്റർ</u>

തപാൽ ലഭിച്ചത് സെക്ഷനുകളിലെ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ചേർക്കുന്നില്ല. മേലുദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കുന്നില്ല എന്നും കാണുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.16-30.07.16 | 2013-14മുതൽ 2014-15 വരെ | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 22.08.19-20.09.19 | 2017-18-2018-19 | 29.10.2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് ഇംപാക്ട്

മിനിമാസ്റ്റ് ലൈറ്റുകളുടെ റ്റി ഡി എസ് ഇനത്തിൽ കുറവ് വന്ന 4223/- രൂപ 25.11.2019 ൽ ഓഡിറ്റ് എൻക്വയറി ( നം 10) നൽകിയതിന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 6253,6254 / 25.11.2019 എന്നിവ പ്രകാരം അടവാക്കി.

# 1-13 വസ്തുനികുതി സംബന്ധിച്ച അപാകതകൾ

2018-19 വർഷത്തെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സഞ്ചയയിൽ രേഖപ്പെടുത്തിയ നികുതി കുറവ്

താഴെപ്പറയുന്ന കെട്ടിടത്തിന്റെ നിർണ്ണയിച്ച വസ്തുനികുതിയായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും, സഞ്ചയയിൽ രേഖപ്പെടുത്തൽ വന്നിരിക്കുന്ന തുകയും തമ്മിൽ വ്യത്യാസമുണ്ട്. വിശദ വിവരം താഴെക്കൊടുക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | നിർണ്ണയിച്ച വസ്തു നികുതിയും ലൈബ്രറി സെസ്സും | | സഞ്ചയ പ്രകാരമുള്ള വസ്തു നികുതിയും ലൈബ്രറി സെസ്സും | | വ്യത്യാസം | | പ്രാബല്യ തീയതി |
|---|---|---|---|---|---|---|---|---|
| XVII 169F | Manual Joseph John | 49419 | 2471 | 43928 | 2197 | 5491 | 274 | 01.04.18 onwards |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 15, തീയതി 16.11.2019) നഗരസഭ ഹാജരാക്കിയ മറുപടി, സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ വിവരം രേഖപ്പെടുത്തിയപ്പോൾ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള 15 ശതമാനം വർദ്ധനവ് രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും ആയത് കറക്ട് ചെയ്ത് കുറവുവന്ന തുക ഈടാക്കുന്നതിനായി കക്ഷിക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നുമാണ്. കുറവ് തുക 01.04.18 മുതൽ പ്രാബല്യത്തിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിലവിൽ വസ്തുനികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

2. സഞ്ചയ പ്രകാരമുള്ള അരിയർ ഡിമാന്റിലെ അപാകത

2018-19 വർഷത്തെ Property Tax – Arrear Demand ആയി സഞ്ചയയിൽ കാണിക്കുന്നത് 2,65,99,498 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള Arrear Demand കേവലം 64,99,367 രൂപയാണ്. ഈ വ്യത്യാസം വിശദീകരിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ നല്കിയ മറുപടി പോസ്റ്റിംഗിലെ അപാകതമൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ്. സഞ്ചയ പ്രകാരമുള്ള കുടിശിക ഡിമാന്റ് കൃത്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.അസസ്മെന്റ് രജിസ്റ്ററുകളുടെ ശോചനീയാവസ്ഥ

വിവിധ വാർഡുകളുടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ 2016 മുതൽ ഉള്ള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ഇപ്പോൾ തന്നെ വളരെ പരിതാപകരമായ അവസ്ഥയിലാണ്. അടുത്ത വസ്തുനികുതി പരിഷ്കരണം വരെ മുഖ്യമായും, അതിനുശേഷവും ആധികാരിക രേഖയായി സൂക്ഷിക്കുവാനുള്ള പ്രസ്തുത രജിസ്റ്റർ നല്ലരീതിയിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, മേലിൽ ഇത്തരം പ്രധാനപ്പെട്ട രജിസ്റ്ററുകൾ വാങ്ങുമ്പോൾ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-14 നഗരസഭയിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചിട്ടില്ല

നഗരസഭയിലെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ, 31 കെട്ടിടങ്ങൾ വർഷങ്ങളായി ക്രമവത്ക്കരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു. അവയിൽ വലിയ തുകകൾ ക്രമവത്കരണ ഫീസായി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാനും, ഈ കെട്ടിടങ്ങൾ സംബന്ധിച്ച ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് (നമ്പർ – 3, തീയതി. 18.11.2019) ഫയലുകളുടെ ഇപ്പോഴത്തെ അവസ്ഥ മുനിസിപ്പൽ എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു. എന്നാൽ പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. അൺ ഓതറൈസ്ഡ് കെട്ടിടങ്ങളുടെ റഗുലറൈസേഷൻ നടപടിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നഗരസഭാ എഞ്ചിനീയർ ഹാജരാക്കിയ വിശദീകരണവും പ്രസ്തുത കെട്ടിടങ്ങളുടെ വിവരത്തിന് നേരെ ചേർക്കുന്നു.

| യു.എ. നമ്പർ | ഫയൽ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തരം | രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമവത്കരണ ഫീസ് | പ്രാബല്യ കാലയളവ് | റഗുലറൈസേഷൻ നടപടിയുടെ നിലവിലെ അവസ്ഥ (നഗരസഭാ എഞ്ചിനീയർ അറിയിച്ചത്) |
|---|---|---|---|---|---|---|
| XXV / 1099A | R1-8742/12 | Vicar, Vimalagiri Catholic Church | Educa-tional | 27702 | 2010-11 2nd Half Year onwards | റഗുലറൈസ് ചെയ്യുന്നതിനായി ഗവൺമെന്റിലേക്ക് പോയിട്ടുള്ളതാണ്. |
| XII / 280 A | R1-8742/12 | The Manager, Sobhana English Medium School. | Educa-tional | 86550 | 2010-11 2nd Half Year onwards | കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ നല്കിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആയത് അസ്സ് മെന്റ് രജിസ്റ്ററിൽ വേണ്ട മാറ്റം വരുത്തിയ ശേഷം മാത്രമേ റഗുലറൈസ് ചെയ്യുവാൻ കഴിയുകയുള്ളൂ. |
| XII / 280 B | R1- 8742/12 | The Manager, Sobhana English Medium School. | Educa-tional | 89130 | 2010-11 2nd Half Year onwards | – do- |
| XXVI/ 707 UA(1) | PW2 – 10635 / 13 | Secretary, Marbaseliose Medical Mission Hospital | Hospital | 52026 | 2011-12, 1st Half Year onwards | റഗുലറൈസ് ചെയ്യുന്നതിനുള്ള ഫീസ് കുറവുചെയ്ത് കിട്ടുന്നതിനായി കക്ഷി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുള്ളതാണ്. അവിടെ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| XXVI/ 707 UA (2) | PW2 – 10635 / 13 | Secretary, Marbaseliose Medical Mission Hospital | Hospital | 58119 | രേഖപ്പെടുത്തിയിട്ടില്ല | – do- |
| II / UA 383 (1) | രേഖപ്പെടുത്തിയിട്ടില്ല | Administrator, St. Josephs Hospital | Hospital | 114324 | 2011-12, 1st Half Year onwards | കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. നടപടി തുടർന്ന് വരുന്നു. |
| II / 386 (1) | രേഖപ്പെടുത്തിയിട്ടില്ല | Administrator, St. Josephs Hospital | Hospital | 11322 | രേഖപ്പെടുത്തിയിട്ടില്ല | – do- |
| II / 386 (2) | രേഖപ്പെടുത്തിയിട്ടില്ല | Administrator, St. Josephs Hospital | Hospital | 11322 | രേഖപ്പെടുത്തിയിട്ടില്ല | – do- |
| II / 384 (1) | രേഖപ്പെടുത്തിയിട്ടില്ല | Administrator, St. Josephs Hospital | Hospital | 26328 | രേഖപ്പെടുത്തിയിട്ടില്ല | – do- |
| XI / 456 (1) | രേഖപ്പെടുത്തിയിട്ടില്ല | Administrator, St. Josephs Hospital | Hospital | 120774 | രേഖപ്പെടുത്തിയിട്ടില്ല | – do- |
| XXV / 1120 F | രേഖപ്പെടുത്തിയിട്ടില്ല | Secretary, M.A. College Association | Educational | 337128 | 2013-14, 1st Half Year onwards | – do- |
| XIII / 1UA | R1- PW4 – 539/ 13-14 | Thomson Jacob & Saxon Jacob, | Commercial | 763950 | 2016-17, 1st Half Year onwards | ഫൈനൽ ഫയർ എൻ.ഓ.സി. സമർപ്പിച്ചിട്ടില്ലാത്ത |

| | | | | | | |
|---|---|---|---|---|---|---|
| | | Kalapillil, Paitakkulam | | | | തിനാൽ ഓക്യുപെൻസി നൽകുവാൻ കഴിഞ്ഞിട്ടില്ല. |
| XVI / 74F UA | R1- PW2 -430/12-13 | Xavier Augusty, Aleyamma, Ben & Alen, Ancheril House | Commercial | 96006 | 2017-18 2nd Half Year onwards | Wetland ആയതിനാൽ ക്രമവത്ക്കരിക്കുവാൻ സാധ്യമല്ല. RDO യുടെ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| XVI / 74G UA | R1- PW2 -430/12-13 | Xavier Augusty, Aleyamma, Ben & Alen, Ancheril House | Commercial | 87144 | 2017-18 2nd Half Year onwards | - do- |

മേൽപ്പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളിൽ ക്രമവത്ക്കരിക്കുവാൻ സാധിക്കുന്നവ എത്രയും വേഗം ക്രമവത്കരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, യു.എ. രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലാത്തതായും കാണുന്നു. ഈ അപാകതയും പരിഹരിക്കേണ്ടതാണ്.

# 1-15 റഗുലറൈസേഷൻ അപേക്ഷകളിൽ നടപടി വൈകുന്നു.

റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ, 2018-19 വർഷം ലഭിച്ച താഴെപ്പറയുന്ന അപേക്ഷകൾ നാളിതുവരെ റഗുലറൈസ് ചെയ്തതായോ അപേക്ഷകൾ നിരസിച്ചതായോ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് (നമ്പർ 9, തീയതി. 21.11.2019) നഗരസഭ നല്കിയ മറുപടി അപേക്ഷകൾ തീർപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും, തീർപ്പാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുമാണെന്നുമാണ്. അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്.

| അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷാഫീസ് അടവാക്കിയ തീയതി |
|---|---|---|
| PW4/2/463299 | Raju P.K. | 03.04.2018 |
| PW4/3/531486 | Bindhu Saji | 05.04.2018 |
| PW4/5/520947 | Lissy Jose | 03.04.2018 |
| PW2/9/587711 | Jaison & C.P.Shibu | 08.05.2018 |
| PW2/12/9035/18 | V.K.Anil | 16.05.2018 |
| PW2/13/586044 | Eldhose K.P. | 15.05.2018 |
| PW2/14/602693 | Remani Sahadevan | 18.05.2018 |
| PW2/17/615438 | Antony K.G. & Sebastian | 29.05.2018 |
| PW4/24/625734 | Bhasi | 12.07.2018 |
| | | |

| | | |
|---|---|---|
| PW2/26/681131 | Joji Mathew | 18.07.2018 |
| PW4/27/13328/18 | Shibu Kuriakose | 24.07.2018 |
| PW2/28/13356/18 | Eldhose Mathai | 24.07.2018 |
| PW2/32/723341 | K.M.Haris | 04.09.2018 |
| PW4/34/737261 | Lalitha K.C. | 18.09.2018 |
| PW2/35/767329 | President, Guru Chaithanya Charitable Trust | 24.10.2018 |
| PW2/38/840558 | Pareeth | 06.12.2018 |
| PW4/41/18-19 | Ouseph | 22.01.2019 |
| PW4/42/18-19 | Ranjitha J. | രേഖപ്പെടുത്തിയിട്ടില്ല. |

# 1-16 മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നല്കിയ പല കെട്ടിടങ്ങളും പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്തതായി ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രജിസ്ററിലെ സീരിയൽ നമ്പർ | ഗുണഭോക്താവിന്റെ പേര് | കെട്ടിട ത്തിന്റെ സ്വഭാവം | പ്ലിന്ത് ഏരിയ | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|---|---|
| PW2- 20/15-16 | K.C.George, Sarakutty & Gens | Commercial | 820 $m^2$ | 19.06.15 |
| PW2 – 118/15-16 | Joseph Varkey | Residence | 147.71 $m^2$ | 18.11.15 |
| PW2 – 31/16-17 | Laila Latheef | Shop cum Residence | 194.24 $m^2$ | 20.06.16 |
| PW2-124/16-17 | Bessy | Residential | 130.56 $m^2$ | 03.01.17 |

വെള്ളം, വൈദ്യുതി കണക്ഷനുകൾ പ്രത്യേകമായി എടുക്കേണ്ട ആവശ്യമില്ലാത്ത കെട്ടിടങ്ങളുടെ കാര്യത്തിലും, നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ മുതലായ സംഗതികളിലും, പണി പൂർത്തിയായാലും കെട്ടിട നമ്പറിട്ട് ഓക്യുപെൻസി സർട്ടിഫിക്കറ്റ് എടുക്കാനോ, നികുതി പുതുക്കുന്നതിനോ കെട്ടിട ഉടമ താല്പര്യം കാണിക്കണമെന്നില്ല. അതിനാൽ, പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഓക്യുപെൻസിക്ക് അപേക്ഷിക്കാതെയോ ഉള്ള അപേക്ഷകളിൽ, പ്രസ്തുത കെട്ടിടങ്ങൾ പണിപൂർത്തിയാക്കി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി, അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 തൊഴിൽ നികുതി ഈടാക്കിയതിലെ

# അപാകതകൾ

2018-19 വർഷത്തെ തൊഴിൽ നികുതി പിരിവ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര്/സ്ഥാപനം | അർദ്ധ വർഷം | അർദ്ധ വർഷ വരുമാനം ₹ | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ / | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | ദീപക്. എൻ, അക്സിസ് ബാങ്ക് ലി, കോതമംഗലം ബ്രാഞ്ച് | 1 | 1,65,790 | 1,250 | 750 | 500 |
| 2 | ശ്രീകാന്ത് എസ്, അക്സിസ് ബാങ്ക് ലി, കോതമംഗലം ബ്രാഞ്ച് | 1 | 1,65,790 | 1,250 | 1000 | 250 |
| 3 | ലുബാബത്ത് എ.എസ്, അക്സിസ് ബാങ്ക് ലി, കോതമംഗലം ബ്രാഞ്ച് | 1 | 1,10,605 | 1,000 | 180 | 820 |
| 4 | ടീന സാബു, അക്സിസ് ബാങ്ക് ലി, കോതമംഗലം ബ്രാഞ്ച് | 1 | 1,25,566 | 1,250 | 600 | 650 |
| ആകെ | | | | | | 2,220 |

(2) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | വാർഡ് | അർദ്ധ വർഷം |
|---|---|---|---|
| 1 | പാം ടൈൽസ്, തങ്കളം, കോതമംഗലം | 31 | 1, 2 |
| 2 | ശില മാർബിൾസ്, തങ്കളം, കോതമംഗലം | 31 | 1,2 |
| 3 | സുദീംസ് സിൽക് കളക്ഷൻ, കോതമംഗലം | 17 | 1, 2 |
| 4 | സുരമ്യ ടെക്സ്റ്റയിൽസ്, കോതമംഗലം | 17 | 1, 2 |
| 5 | ഡ്രീം മോട്ടോഴ്സ്, കോതമംഗലം | 30 | 1, 2 |
| 6 | പൈറ്റക്കുളം മാർബിൾസ്, കോതമംഗലം | 16 | 1,2 |
| 7 | സെഞ്ചുറി ടൈൽസ് & സാനിറ്ററി, കോതമംഗലം | 14 | 1,2 |

(3) നഗരസഭയുടെ 2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക 5,23,106/- രൂപയാണ് (2017-2018 വരെയുള്ള കുടിശ്ശിക 4,05,319/- രൂപ, 2018-19 ൽ 1,17,787/- രൂപ). പ്രസ്തുത കുടിശ്ശിക ഈടാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 28.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.28 ന് കുറവ് വന്ന തുക ഈടാക്കുന്നതിനും, കുടിശ്ശിക ഇനത്തിൽ 1,35,010/- രൂപ നാളിതുവരെ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വാർഷിക ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്, ഈടാക്കാത്തത് എന്നിവ സംബന്ധിച്ച വിവരങ്ങൾ.

(1) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4, 7 പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപരത്തേയും എ, ബി, സി എന്നീ വിഭാഗങ്ങളായി തരംതിരിച്ച് കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരത്തിൽ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. കൂടാതെ ചട്ടങ്ങൾ പ്രകാരം വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പട്ടിക-1 പ്രകാരമുള്ള ലൈസൻസ് ഫീസും ഈടാക്കുന്നില്ല. ഉദാഹരണത്തിനായി പെട്രോളിയം ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പട്ടിക-1 പ്രകാരം വിവിധ വിഭാഗങ്ങളിലെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണ് (എ കാറ്റഗറി-1500 രൂപ, ബി കാറ്റഗറി-1000 രൂപ, സി കാറ്റഗറി-500രൂപ). എന്നാൽ താഴെപ്പറയുന്ന പെട്രോൾ പമ്പുകളിൽ നിന്ന് പട്ടിക-1 പ്രകാരമുള്ള കുറഞ്ഞ വാർഷിക ഫീസ് പോലും ഈടാക്കിയിട്ടില്ല. കൂടാതെ ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച വിവരവും ഇതോടൊപ്പം ചേർക്കുന്നു.

| ക്രമ നം. | വാർഡ് | പേര്/സ്ഥാപനം | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1 | 17 | ശ്രീ. ഷിബു | 500 | 250 | 250 |

| | | | | | |
|---|---|---|---|---|---|
| | | കുര്യാക്കോസ്, മാർബേസിൽ സെന്റർ, കോതമംഗലം (പെട്രോൾ പമ്പ്) | | | |
| 2 | 17 | ശ്രീ. രാമസ്വാമി അയ്യർ, പുത്തൻ മഠം, ആലുവ (പെട്രോൾ പമ്പ്) | 500 | 375 | 125 |
| 3 | 31 | മാനേജർ, റിലയൻസ് പെട്രോൾ പമ്പ്, തങ്കളം | 500 | 0 | 500 |

(2) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ചില വ്യവസായങ്ങളുടെ കാര്യത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം നിർബന്ധമാണ്. ബോർഡ് നൽകുന്ന അനുമതിപത്രം ഹാജരാക്കാതെ പ്രസ്തുത നിയമങ്ങളും അവയ്ക്കു കീഴിലുണ്ടാക്കിയ ചട്ടങ്ങളും ബാധകമായതും ബോർഡിന്റെ അനുമതിപത്രം ആവശ്യമുള്ളതുമായ ഒരു വ്യവസായശാലയ്ക്ക് മുനിസിപ്പാലിറ്റി അനുമതി നൽകുകയോ രജിസ്ട്രേഷൻ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. എന്നാൽ ഇത്തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ബോർഡിന്റെ അനുമതിപത്രം ഇല്ലാതെതന്നെ നഗരസഭ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയോടൊപ്പം ബോർഡിന്റെ അനുമതി പത്രം, മറ്റ് അനുബന്ധ രേഖകളുടെ പകർപ്പുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം | പേര്, സ്ഥാപനം | വ്യവസായം |
|---|---|---|---|
| 1 | 25/301 | ശ്രീമതി. ഖദീജ ഇബ്രാഹിം, വെള്ളക്കാമറ്റം, വെണ്ടുവഴി, കോതമംഗലം | മെറ്റൽ ക്രഷർ-250 എച്ച്.പി |
| 2 | 21/160A | ശ്രീ. അബ്ദുൾ കരീം എ.എച്ച്, മാനേജിംഗ് പാർട്ണർ, ജെ.കെ.ജെ ഫുഡ്സ് ആന്റ് ബിവറേജസ്, പുതുപ്പാടി പി.ഒ, കോതമംഗലം | പ്രിസർവ് ചെയ്ത എല്ലാത്തരം ജ്യൂസുകളും വിനാഗരിയും-125 എച്ച്.പി |
| 3 | 21/160 | ശ്രീ. ജിയാസ് സി.ജെ, മാനേജിംഗ് പാർട്ണർ, ജെ.കെ.ജെ ഫുഡ്സ് ആന്റ് ബിവറേജസ്, പുതുപ്പാടി പി.ഒ, കോതമംഗലം | പാക്കേജഡ് ഡ്രിംങ്കിംഗ് വാട്ടർ, സോഡ-50 എച്ച്.പി |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 27.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് ഫീസിനത്തിൽ കുറവായി വന്ന തുക അടയ്ക്കുവാൻ നിർദ്ദേശം നൽകുന്നതും ബോർഡിന്റെ അനുമതി പത്രം ഹാജരാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപരത്തേയും എ, ബി, സി എന്നീ

വിഭാഗങ്ങളായി തരംതിരിച്ച് കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

# 1-19 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 2018-19 കാലയളവിൽ പ്രസ്തുത അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ചട്ടങ്ങളിലെ 5 ഉപചട്ടം (2)(1) പ്രകാരം രജിസ്ട്രേഷൻ പുതുക്കുന്ന സംഗതിയിൽ അത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

# 1-20 പങ്കാളിത്ത പെൻഷൻ പദ്ധതി – പെൻഷൻ വിഹിതം അടവുവരുത്തുന്നില്ല.

നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരിൽ നിന്നും 2013 സെപ്റ്റംബർ മുതൽ 2016 ആഗസ്റ്റ് വരെയുള്ള കാലയളവിലെ വിഹിതം ഈടാക്കിയതും, നഗരസഭാ വിഹിതവും ചേർത്ത് 2138684 രൂപ ജീവനക്കാരുടെ PRAN അക്കൗണ്ടിൽ അടവാക്കാനുണ്ടായിരുന്നു. ഇതിൽ, 986426 രൂപ (493213 + 493213) 19.02.2019 തീയതിയിൽ 67525 നമ്പർ ചെക്ക് പ്രകാരം അടവാക്കിയിട്ടുണ്ട്. ബാക്കി 1152258 രൂപ അടവാക്കിയിട്ടില്ല. ഇതിൽ 104442 രൂപ മരണമടഞ്ഞ ജീവനക്കാരൻ ശ്രീ.സാജു പോളിന്റെ വിഹിതമാണെന്നും (52221 + 52221), പ്രസ്തുത തുക കിഴിച്ച് 1047816 രൂപ ജീവനക്കാരുടെ PRAN അക്കൗണ്ടിൽ അടവാക്കാത്തത് നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലമാണെന്നും ഇതുസംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 16, തീയതി 23.11.19) നഗരസഭാ സെക്രട്ടറി മറുപടി നല്കി.സാമ്പത്തിക പ്രതിസന്ധി മാറുന്ന മുറയ്ക്ക് അടവാക്കാനുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ്.

കൂടാതെ 2019 ജൂൺ മുതലുള്ള കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതവും (ജീവനക്കാരിൽ നിന്ന് ഈടാക്കിയ വിഹിതവും നഗരസഭാ വിഹിതവും) ജീവനക്കാരുടെ PRAN അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. ഈ തുകകളും അടവാക്കേണ്ടതാണ്.

# 1-21 ശമ്പളത്തിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തുന്നില്ല

നഗരസഭയിലെ ശമ്പള ബില്ല് പരിശോധിച്ചതിൽ നിയമാനുസൃത കിഴിവുകൾ നടത്തുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

കെ.എസ്.ആർ I-ചട്ടം 22 എ, ജി.ഒ.പി 556/2008/ധന/16.12.2008 എന്നിവ പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ ഒരു മാസത്തിനുള്ളിൽ സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി എടുക്കേണ്ടതാണ്. കെ.എസ്.ആർ I-ചട്ടം 22 ബി പ്രകാരം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന അമ്പത് വയസ്സ് കഴിയാത്ത ഉദ്യോഗസ്ഥർ സേവനത്തിൽ പ്രവേശിച്ച് ഒരു വർഷത്തിനുള്ളിൽ ഗ്രൂപ്പ് ഇൻഷുറൻസ് പോളിസി എടുക്കേണ്ടതും സർവീസ് അവസാനിക്കുന്ന സമയം വരെ പോളിസിയിൽ തുടരേണ്ടതുമാണ്. കെ എസ് ആർ I, ചട്ടം 31, നോട്ട് 3 , ഗ്രൂപ്പ് ഇൻഷുറൻസ് റൂൾസ്, ചട്ടം 6 എന്നിവ പ്രകാരം എസ് എൽ ഐ, ജി ഐ എസ് പോളിസികൾ എടുക്കുന്നത് വരെ ഒരു ഉദ്യോഗസ്ഥന് ആദ്യ ഇൻക്രിമെന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല. സ്റ്റേറ്റ് ലൈഫ് ഇൻഷ്യുറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന- പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| അടിസ്ഥാന ശമ്പളം | തുക |
|---|---|
| 17999 വരെ | 200 രൂപ |
| 18000 മുതൽ 35699 വരെ | 300 രൂപ |
| 35700 മുതൽ 55349 വരെ | 500 രൂപ |
| 55350 മുകളിൽ | 600 രൂപ |

ജി ഒ (പി)112/2016 *ധന* 01.08.2016 പ്രകാരം 01.09.2017 തീയതി പ്രാബല്യത്തിൽ ജി ഐ എസ് പ്രീമിയം താഴെപ്പറയും പ്രകാരം പുതുക്കിയിട്ടുണ്ട്.

| ശമ്പള നിരക്ക് | പ്രതിമാസ പ്രീമിയം |
|---|---|
| 16500-37500 മുതൽ 17000-37500 ൽ താഴെ വരെ | 300 |
| 17000-37500 മുതൽ 35700-75600 ൽ താഴെ വരെ | 400 |
| 35700-75600 മുതൽ 55350-101400 ൽ താഴെ വരെ | 500 |
| 55350-101400 മുതൽ | 600 |

എന്നാൽ നഗരസഭയിലെ നവംബർ 2018 ലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചില ജീവനക്കാർ വിവിധ പോളിസികൾ എടുക്കാത്തതായും വർദ്ധിച്ച നിരക്കിൽ പ്രീമിയം അടവാക്കാത്തതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| പേര്, തസ്തിക | അടിസ്ഥാന ശമ്പളം / ശമ്പള സ്കെയിൽ | കുറിപ്പ് | അടവാക്കേണ്ട പ്രീമിയം | അടയ്ക്കുന്ന തുക | കുറവ് |
|---|---|---|---|---|---|
| പി എ | | | | | |
| സെബീന, ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്) | 41500/- 27800-59400 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | - | - | - |
| ലിസി വർഗീസ്, യു ഡി ടൈപ്പിസ്റ്റ് | 33900/- 26500-56700 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. എസ് എൽ ഐ പ്രീമിയം കുറവ് | 300 | 150 | 150 |
| ഷാജു പോൾ, സീനിയർ ക്ലർക്ക് | 33900/- 25200-54000 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| ബൈജു എം ഡി, സീനിയർ ക്ലർക്ക് | 29200/- 25200-54000 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| ടി പി ശ്രീനിവാസൻ, ക്ലർക്ക് | 27150/- 22200-48000 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| മാത്യു തോമസ്, ബിൽ കളക്ടർ | 27150/- 19000-43600 | ജി ഐ എസ് പ്രീമിയം കുറവ് | 400/- | 300/- | 100/- |
| ദിനേശ് എം വി, ക്ലർക്ക് | 22800/- 19000-43600 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| മിനിമോൾ കെ സി, സീനിയർ ക്ലർക്ക് | 33100/- 25200-54000 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| രമണി പി, സൂപ്രണ്ട് | 44700/- 30700-65400 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |
| ഷീബ പി കെ, സൂപ്രണ്ട് | 37500/- 30700-65400 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല.എസ് എൽ ഐ പ്രീമിയം കുറവ് | 500 | 150 | 350 |
| പി ബി ഉല്ലാസ്, റവന്യൂ ഇൻസ്പെക്ടർ | 34800/- 27800-59400 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | - | - | - |
| സണ്ണി | 22800/- | ജി ഐ എസ്, എസ് | | | |

| | | | | | |
|---|---|---|---|---|---|
| എബ്രഹാം, ബിൽ കളക്ടർ | 19000-43600 | എൽ ഐ പോളിസികൾ എടുത്തിട്ടില്ല. | | | |
| മധുസൂദനൻ എം ടി, ബിൽ കളക്ടർ | 19500/- 19000-43600 | എസ് എൽ ഐ പോളിസി എടുത്തിട്ടില്ല. | | | |
| റോബി എല്യാസ് | 19500/- 19000-43600 | ജി ഐ എസ് പ്രീമിയം കുറവ് | 300 | 400 | 100 |
| സൂന പീറ്റർ, ബിൽ കളക്ടർ | 19500/- 19000-43600 | എസ് എൽ ഐ പോളിസി എടുത്തിട്ടില്ല. | | | |
| ലക്ഷ്മി ആർ, ബിൽ കളക്ടർ | 19000/- 19000-43600 | ജി ഐ എസ് പ്രീമിയം കുറവ് | 300 | 400 | 100 |
| ബിന്ദു ഭാസ്കരൻ, ഓഫീസ് അറ്റന്റന്റ് | 25200/- 17000-37500 | ജി ഐ എസ് പ്രീമിയം കുറവ് | 300 | 400 | 100 |
| ഹസൈനാർ എം എം, സീനിയർ ക്ലർക്ക് | 29900/- 25200-54000 | ജി ഐ എസ് പോളിസി എടുത്തിട്ടില്ല. | | | |

സ.ഉ. (അച്ചടി) നം.25/2004/W തീയതി. 12.01.2004, സ.ഉ (അച്ചടി) നം. 26/2004/ധന. തീയതി. 12.01.2004 എന്നിവയിൽ നഗരസഭകളിലെ എല്ലാ ജീവനക്കാരും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ എസ്.എൽ.ഐ/ജി.ഐ.എസ് പദ്ധതികൾ നിർബന്ധമാക്കിയിട്ടുണ്ട്. കേരളാ സർവീസ് ചട്ടങ്ങൾ ബാധകമായിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നിയമാനുസൃത കിഴിവുകൾ നടത്താതെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.11.2019 ലെ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എസ് എൽ ഐ, ജി ഐ എസ് എന്നിവ കൃത്യമായി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-22 നഗരസഭയുടെ കെട്ടിടങ്ങളിലെ വെള്ളക്കരം കുടിശ്ശിക

നഗരസഭയുടെ വിവിധ കുടിവെള്ള കണക്ഷനുകളുടെ വെള്ളക്കരം കുടിശ്ശികയായതായും, ആയത് 15.11.2019 തീയതിക്കകം അടവാക്കിയില്ലെങ്കിൽ ഡിസ്കണക്ഷൻ, റവന്യൂ റിക്കവറി മുതലായ നടപടികളിലേക്ക് കടക്കുമെന്നും കേരള വാട്ടർ അതോറിറ്റി, കോതമംഗലം പി എച്ച് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ 15.11.2019 ലെ എബി1-359/11നമ്പർ കത്ത് മുഖേന നോട്ടീസ് നൽകിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ച് തീർത്താൽ ഓരോ കണക്ഷനും അടക്കേണ്ട തുക താഴെ ചേർക്കുന്നു.

| കൺസ്യൂമർ | വിലാസം | 10/19 | ഒറ്റത്തവണ | കുറവ് |
|---|---|---|---|---|

| നമ്പർ | | ലെ കുടിശ്ശിക | തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള തുക | ചെയ്യുന്ന തുക |
|---|---|---|---|---|
| KMG/5496/N | കെ എസ് ആർ ടി സി സ്റ്റാന്റിന് സമീപമുള്ള കംഫർട്ട് സ്റ്റേഷൻ | 210743 | 144044 | 66699 |
| KMG/1332/N | കെ എസ് ഇ ബി ബിൽഡിംഗ് ഷോപ്പിംഗ് കോംപ്ലക്സ് | 804529 | 406568 | 397961 |
| KMG/4622/N | മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് | 417252 | 365781 | 51471 |
| KMG/6501/N | ആയുർവേദ ആശുപത്രി, മാതിരപ്പള്ളി | 28967 | 23047 | 5920 |
| KMG/5495/N | കംഫർട്ട് സ്റ്റേഷൻ, മാതിരപ്പള്ളി | 17468 | 17468 | 0 |
| | ആകെ | 1478959 | 956908 | 522051 |

നഗരസഭ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിലെ ഉൾപ്പെടെയുള്ള വാട്ടർ കണക്ഷനുകളുടെ വെള്ളക്കരം മേൽ പട്ടികയിലുൾപ്പെട്ടതായി കാണുന്നു. വാടകക്കരാറുകൾ പരിശോധിച്ചതിൽ വൈദ്യുതി ചാർജ്, വെള്ളക്കരം മുതലായവ വാടകക്കാരൻ അടവാക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നഗരസഭയുടെ കൺസ്യൂമർ നമ്പറിലുള്ള വാട്ടർ കണക്ഷൻ ഉപയോഗപ്പെടുത്തുന്നതായും കരം അടവാക്കാതെ വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ളതായും കാണുന്നു. വെള്ളക്കരം ഇത്രയധികം കുടിശ്ശിക വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2019 ലെ 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ കുടിശ്ശിക വാടകക്കാരിൽ നിന്നും ഈടാക്കുന്നതിനും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ തുക നഗരസഭയും ഒടുക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാമ്പത്തിക നില വളരെ മോശം അവസ്ഥയിൽ നിൽക്കുന്ന നഗരസഭ ഇനിയും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതെ വന്നാൽ റവന്യൂ റിക്കവറി പോലെയുള്ള നടപടികൾ നേരിടേണ്ടി വരുമെന്നതിനാൽ നഗരസഭാ കെട്ടിടത്തിലെ ഉൾപ്പെടെയുള്ള കണക്ഷനുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് ത്വരിത നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക തുക ക്രമീകരിച്ചിട്ടില്ല.

നഗരസഭയുടെ സെപ്റ്റംബർ 2019 മാസത്തെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ബില്ലിൽ 1,69,88,405/-രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ 57 പൊതു ടാപ്പുകളാണ് നഗരസഭയിൽ നിലവിലുള്ളത്. നഗരസഭയിലെ പൊതുടാപ്പുകളുടെ 3/2008 വരെയുള്ള വെള്ളക്കര കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 606601/-രൂപയായി നിജപ്പെടുത്തി 5 തവണകളായി വിവിധ ഗ്രാന്റുകളിൽ നിന്നും വകയിരുത്തിയതായി വാട്ടർ അതോറിട്ടി, മൂവാറ്റുപുഴ ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനിയർ 26.07.2011 ലെ എ1-944/06/ വോള്യം 2 നമ്പർ കത്ത് മുഖേന

നഗരസഭയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പിന്നീടും വൻ തുക കുടിശ്ശികയുള്ള ബില്ലുകളാണ് നഗരസഭയ്ക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. 1994-95 മുതൽ 2003-04 വരെയുള്ള കാലയളവിലെ വെള്ളക്കരമിനത്തിൽ 3169641/-രൂപ കൂടുതൽ അടവാക്കിയതായും ആയത് തിരികെ ലഭിക്കുന്നതിന് വാട്ടർ അതോറിട്ടിക്ക് കത്ത് നൽകിയെങ്കിലും വാട്ടർ അതോറിട്ടി ഇക്കാര്യത്തിൽ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എന്നും സെക്രട്ടറി വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ കാണുന്നു. 2004-05 മുതൽ 2006-07 വരെയുള്ള കാലയളവിൽ മെയിന്റനൻസ് ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും 3673944/-രൂപ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ എല്ലാം വ്യക്തമാക്കി വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനിയർ, തിരുവനന്തപുരം, വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയർ, മൂവാറ്റുപുഴ, റവന്യു ഡിവിഷണൽ ഓഫീസർ, മൂവാറ്റുപുഴ എന്നിവർക്കും കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിട്ടി തുടർ നടപടികൾ സ്വീകരിക്കാത്തതിനെത്തുടർന്ന് നഗരകാര്യ ഡയറക്ടർ 09.09.2016 ൽ ഡി.സി13-19358/2016 നമ്പർ കത്തിലൂടെ ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളുന്നതിന് വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും കേരള വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറുടെ 07.08.2019 ലെ KWA/HO/OP-III/301/2016 നമ്പർ കത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സംയുക്ത പരിശോധന പൂർത്തിയാക്കി 31.10.2019 ന് മുൻപ് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് മൂവാറ്റുപുഴ വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 16,17,18 തീയതികളിൽ സംയുക്ത പരിശോധന നടത്തുന്നതിന് നഗരസഭ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ സംയുക്ത പരിശോധന നടന്നിട്ടില്ല. മുൻ കുടിശ്ശിക ക്രമീകരിക്കാത്തിനാൽ നഗരസഭ നിലവിൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല. വെള്ളക്കരമിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നതിനാൽ സർക്കാർ ഗ്രാന്റിൽ നിന്നും 540086/- രൂപയാണ് 2018-19 വർഷം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. സാമ്പത്തിക നില വളരെ മോശമായിരിക്കുന്ന നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകയാണ് ഇത്തരത്തിൽ അടിയന്തിര പാഴായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 വൈദ്യുതി ചാർജ് കുടിശ്ശിക-പിഴത്തുക തനത് ഫണ്ടിൽ നിന്ന് അടവാക്കി

നഗരസഭയുടെ ബസ് സ്റ്റാന്റിലുള്ള സോഡിയം വേപ്പർ ലാമ്പിന്റെ 1156007017015028 നമ്പർ കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷൻ, 24.05.2016 മുതലുള്ള വൈദ്യുതി ചാർജ് അടവാക്കാത്തതിനാൽ 05.03.2019 മുതൽ കെ എസ് ഇ ബി സ്ഥിരമായി അഴിച്ചെടുത്തിരുന്നു. അത് വരെയുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 33849/- രൂപ 15 ദിവസത്തിനകം അടക്കാത്ത പക്ഷം റവന്യൂ റിക്കവറി നടത്തുമെന്നുള്ള കോതമംഗലം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ 12.03.2019 ലെ റവന്യൂ റിക്കവറി നോട്ടീസിനെത്തുടർന്ന് ചെക്ക് നമ്പർ 771398 തീയതി 27.03.2019 (വൌച്ചർ നം.79/27.03.2019) പ്രകാരം 33849/- രൂപ അടവാക്കിയതിൽ 10034/-രൂപ പിഴത്തുകയും ഉൾപ്പെടുന്നു. 24.05.2016 മുതൽ യഥാസമയം വൈദ്യുതി ചാർജ് അടവാക്കാതെ വന്നതിനെത്തുടർന്നാണ് ഇത്തരത്തിൽ പിഴ അടവാക്കേണ്ടി വന്നത്. കെ എസ് ഇ ബി ചുമത്തിയ

പിഴത്തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അടക്കാതെ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 22.11.2019 ലെ 11 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മീറ്റർ പ്രവർത്തിക്കാതിരുന്ന കാലയളവിലെ ബിൽ തുക ക്രമീകരിക്കുന്നതിൽ വന്ന കാലതാമസം മൂലമാണ് പിഴത്തുക വർദ്ധിച്ചതെന്നും, 3 വർഷത്തോളം പല ഉദ്യോഗസ്ഥർ ഈ സെക്ഷൻ കൈകാര്യം ചെയ്തിട്ടുള്ളതിനാൽ ഉത്തരവാദിയെ നിർണ്ണയിക്കുക ബുദ്ധിമുട്ടായതിനാലാണ് തനത് ഫണ്ടിൽ നിന്ന് തുക അടവാക്കിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് വരെ തുക അടവാക്കാതിരുന്നത് തികഞ്ഞ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2018-19 -ൽ രണ്ട് പ്രോജക്ടുകളിലായി നിക്ഷേപ പ്രവൃത്തികൾക്ക് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | നഗരസഭയുടെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | നഗരസഭയുടെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ |
|---|---|---|
| പ്രോജക്ട് നം | S012/2019 | S013/2019 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 2500000/-(ധനകാര്യ കമ്മീഷൻ അവാർഡ്) | 1100000/-(ധനകാര്യ കമ്മീഷൻ അവാർഡ് 990000/-, മറ്റുള്ളവ 110000/-) |
| ചെലവ് | 2404241/- | 347815/- |
| ബിൽ നമ്പർ/ ഡിഡി നം. | 1)23/18-19 തീയതി 24-12-18 തുക 2071859/-<br>2)12/18-19 തീയതി 22-09-18 തുക 83001/-<br>3)41/18-19 തീയതി 26.03.19 തുക 249381/- | 1)25/18-19 തീയതി 31-12-18 തുക 47501/-<br>2)33/18-19 തീയതി 14.03.19 തുക 60914/-<br>3)40/18-19 തീയതി 26.03.19 തുക 239400/-<br>4)244189 തീയതി 17.01.19 തുക 5278/-<br>5)244241/18-19 തീയതി 21.03.19 തുക 6768/- |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതായി കാണുന്നില്ല. സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിക്കായി കെ എസ് ഇ ബിയുമായി വച്ച കരാറിൽ നിശ്ചിത കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി എന്ന് തുടങ്ങി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിക്ക് വാട്ടർ അതോറിട്ടിയുമായി കരാർ വച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 26.11.2019 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകൾ ചമയ്ക്കുമ്പോൾ പൂർത്തീകരണ കാലാവധി കൃത്യമായി

രേഖപ്പെടുത്താത്തതിനാൽ നിക്ഷേപം സ്വീകരിച്ച ഏജൻസി കരാറിൽ നിന്ന് വ്യതിചലിച്ചാൽ നഗരസഭയ്ക്ക് തുക തിരികെ ഈടാക്കാൻ സാധിക്കാതെ വരും. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2752056/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം-യഥാസമയം വിതരണം ചെയ്യുന്നില്ല.

ഫയൽ നം.എച്ച്1-12354/17

2017-18 വർഷത്തിൽ നഗരസഭയിൽ ആകെ 19 കണ്ടിജന്റ് വിഭാഗം സ്ഥിരം ജീവനക്കാരാണ് ഉണ്ടായിരുന്നത്. ഇവർക്ക് യൂണിഫോം, മഴക്കോട്ട്, ചെരുപ്പ്, ഗ്ലൌസ്, ഗംബൂട്ട് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ 24.07.2017 ൽ ആരംഭിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ 2018 ഡിസംബർ മാസത്തിലാണ് ഇവ വിതരണത്തിനായി ലഭ്യമായത്. ഇക്കാലയളവിൽ 5 ജീവനക്കാർ വിരമിച്ചതിനാൽ അവർക്ക് യൂണിഫോം, അനുബന്ധ വസ്തുക്കൾ എന്നിവ വിതരണം ചെയ്യാൻ സാധിച്ചില്ല. മാലിന്യം നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള ജോലികളിൽ ഏർപ്പെടുന്ന ഈ ജീവനക്കാർക്ക് മഴക്കോട്ട്,ചെരുപ്പ്, ഗ്ലൌസ്, ഗംബൂട്ട് യഥാസമയം എന്നിവ വിതരണം ചെയ്യാതിരുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ്. 2017-18വർഷത്തെ യൂണിഫോമും, അനുബന്ധ വസ്തുക്കളും സാമ്പത്തിക വർഷം അവസാനിച്ച് 9 മാസങ്ങൾക്ക് ശേഷം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സാമ്പത്തിക വാർഷാരംഭത്തിൽ തന്നെ ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്നുള്ള കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-27 സ്യൂട്ട് രജിസ്റ്ററുകളും കേസ് സംബന്ധിച്ച ഫയലുകളും കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

കേസുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നഗരസഭക്കെതിരെ ഒരു കേസ് വന്നാൽ തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സെക്ഷനുകൾക്ക് ഉടൻതന്നെ കൈമാറുമെങ്കിലും യഥാസമയം കോടതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. സ്യൂട്ട് രജിസ്റ്റർ വ്യക്തമായി എഴുതി സൂക്ഷിക്കുകയോ സിസ്റ്റത്തിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഓഫീസ് ഉത്തരവു പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനോ ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ നഗരസഭക്കെതിരെ നിലവിലുണ്ടെന്നോ ടി കേസുകളുടെ നിലവിലെ അവസ്ഥയെക്കുറിച്ചോ സ്യൂട്ട് രജിസ്റ്ററിൽ നിന്നും വിവരങ്ങൾ ലഭിക്കില്ല. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഹൈക്കോടതിയുടെ വെബ്സൈറ്റിൽ നിന്നും സബോർഡിനേറ്റ് കോടതികളിലെ വിവരങ്ങൾ

eCourtService-ൽനിന്നും ലഭ്യമാകുമെന്നിരിക്കെ കേസുകൾ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ സ്യൂട്ട് രജസ്റ്ററിൽ രേഖപ്പെടുത്താത്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും മോണിറ്ററിംഗ് നടത്താത്ത ഉദ്യോഗസ്ഥരുടെ കൂടിയും വീഴ്ചയാണ്. ദേശീയ വ്യവഹാര നയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ജില്ലാതല എംപവർകമ്മറ്റി മുമ്പാകെ നഗരസഭകൾ കക്ഷികളായ കോടതി കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം നടക്കുന്നില്ലായെന്ന യാഥാർത്ഥ്യം മേൽ വിവരിച്ചതിൽ നിന്നും വ്യക്തമാണ്. മേൽ വിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-28 തുല്യതാപരീക്ഷ ഫീസ് ഒടുക്കൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S089/19 |
| പ്രോജക്ടിന്റെ പേര് | തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത ബി പി എൽ പഠിതാക്കളുടെ ഫീസ് ഒടുക്കൽ |
| അടങ്കൽ | 14250/-( വികസനഫണ്ട്-സാധാ) |
| ചെലവ് | 12250/- |
| ബിൽ നമ്പർ | 36/18-19 തീയതി 21.03.2019 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ പത്താംതരം തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത താഴെപ്പറയുന്ന 7 ബി പി എൽ പഠിതാക്കളുടെ ഫീസിനത്തിൽ 1750/-രൂപ നിരക്കിൽ ആകെ 12250/- രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

1. സിനിമോൾ പി എം, പനമോളി, എളേരിൽ
2. രാജേഷ് എൻ എസ്, ഞാലിപ്പറമ്പിൽ, മലയിൻകീഴ്
3. ഷൈല റ്റി പി , നടുക്കുടി, കോതമംഗലം പി ഒ
4. ഓമന ഇ ആർ , ഇടപ്പേട്ടിൽ, നാലുകണ്ടത്തിൽ, കുത്തുകുഴി പി ഒ
5. റോസിലി റ്റി എം, തോപ്പിൽക്കുടിയിൽ, കുത്തുകുഴി പി ഒ
6. മേഴ്സി പി ജി, പുതുപ്പിള്ളിക്കുടി, നാട്ടുകാണി പി ഒ
7. സീനത്ത് കെ എസ്, കടിഞ്ഞുമ്മേൽപുത്തൻപുര, കോതമംഗലം പി ഒ

ഗുണഭോക്താക്കളായ 7 പഠിതാക്കളും സാക്ഷരതാ ക്ലാസ്സിൽ ഹാജരായതിന്റെ അറ്റൻഡൻസ്, രജിസ്ട്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയെങ്കിലും പഠിതാക്കൾ പരീക്ഷക്ക് ഹാജരാകുന്നത് അടുത്ത മാർച്ച് മുതൽ 3 വർഷക്കാലയളവിലാണ്. പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് വിലയിരുത്തുന്നതിന് പരീക്ഷക്ക് ഹാജരായ രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-29 ആരോഗ്യ ജാഗ്രതാ പ്രവർത്തനം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഫയൽ നം. എച്ച്1-346/18

ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി 2018-19 -ൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | വൌച്ചർ നം/തീയതി | ചെക്ക് നം/തീയതി |
|---|---|---|
| 65000/- | 23/ 10.01.2019 | 671069 /10.01.2019 |
| 90000/- | 42/13.03.19 | 671156/ 13.03.2019 |
| ആകെ 155000/- | | |

മേൽ പ്രകാരം ചെലവഴിച്ച 155000/-രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 26.11.2019 ൽ ഓഡിറ്റ് എൻക്വയറി നം.20 നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ 155000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് രേഖകൾ ഹാജരാക്കാൻ നൽകിയിട്ടുണ്ട് എന്ന് മാത്രമാണ് നഗരസഭ മറുപടി നൽകിയിട്ടുള്ളത്.

# 1-30 അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി)നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 180/19 |
| പ്രോജക്റ്റിന്റെ പേര് | Animal Birth Control Programme |
| നിർവഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റനറി സർജൻ |
| ചെലവഴിച്ച തുക | 5,01,900.00 |
| ബിൽ നം. | 1/2018-19/16.11.2018 |

മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് വേണ്ടി കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ കോഓർഡിനേറ്റർ ഒന്നാം കക്ഷിയായും കോതമംഗലം മുനിസിപ്പാലിറ്റി സീനിയർ വെറ്റനറി സർജൻ രണ്ടാം കക്ഷിയായും 01.11.2018 -തീയതിയിൽ കരാർ ഉണ്ടാക്കിയിരുന്നതാണ്. കരാർ പ്രകാരം ഒരു നായയെ വന്ധ്യംകരണത്തിന് വിധേയമാക്കുന്നതിനായി രണ്ടാം കക്ഷി ഒന്നാം കക്ഷിയ്ക്ക് 2100/-രൂപ വീതം മുൻകൂറായി നൽകേണ്ടതും ആയതു പ്രകാരം 5,01,900/- രൂപ മുൻകൂറായി രണ്ടാം കക്ഷി ഒന്നാം കക്ഷിയ്ക്ക് നൽകിയിരുന്നതുമാണ്.

19.12.2018-ലെ2221/ABC/2018/KSEKM നമ്പർ കത്ത് പ്രകാരം ജില്ലാ മിഷൻ കോഓർഡിനേറ്റർ കോതമംഗലം മുനിസിപ്പാലിറ്റിയിലെ 239 നായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 27.11.2018 മുതൽ 17.12.2018 വരെ 12 ദിവസങ്ങളിലായി 239 നായകളെ നഗരസഭയിൽ നിന്നും പിടിച്ച് പട്ടിമറ്റത്തുള്ള ABC സെന്ററിൽ വന്ധ്യംകരണം നടത്തി തിരികെ നഗരപ്രദേശത്ത് കൊണ്ടു വന്നിട്ടുള്ളതാണെന്ന് 19.12.2018 -ൽ ഹെൽത്ത് സൂപ്പർവൈസറും സീനിയർ വെറ്റനറി സർജനും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) നഗരസഭയുടെ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നുമാണ് 27.11.2018 മുതൽ 17.12.2018 വരെ 12 ദിവസങ്ങളിലായി 239 നായകളെ പിടിച്ചിട്ടുള്ളതെന്നും വന്ധ്യംകരണം നടത്തിയതിനു ശേഷം

ഏതെല്ലാം സ്ഥലങ്ങളിലാണ് തിരികെ വിട്ടിട്ടുള്ളതെന്നും ഫയലിൽ നിന്നും വ്യക്തമല്ല.

2)കരാർപ്രകാരം നഗരസഭ കൌൺസിലർമാരുടെ സഹകരണത്തോടെയാണ് നായ്ക്കളെ പിടിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നായ്ക്കളെ പിടിച്ചതായി കൌൺസിലർമാർ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നഗരസഭയുടെ പരിധിയിൽ എത്ര തെരുവ് നായകൾ ഉണ്ടെന്നുള്ള കണക്കുകൾ ഫയലിൽ നിന്നും വ്യക്തമല്ല. ഈപദ്ധതി നടപ്പിലാക്കിയ ശേഷം 40 ച.കി.മീ. വിസ്തീർണ്ണമുള്ള നഗരസഭയിൽ തെരുവു നായ്ക്കളുടെ എണ്ണവും ശല്യവും കുറഞ്ഞതായുള്ള യാതൊരു വിവരവും ലഭ്യമല്ല.

ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും വർക്കിംങ്ങ് ഗ്രൂപ്പും ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

# 1- 31 മുൻകൂർ നൽകിയ മുഴുവൻ തുകയ്ക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല.

1.നിർവഹണ ഉദ്യോഗസ്ഥൻ, സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | മുൻകൂർ നൽകിയതുക, തീയതി, ബിൽ നം. | ലഭിച്ച മരുന്നുകൾ 23.11.2019 വരെ | ലഭിക്കുവാനുള്ള മരുന്നുകൾ |
|---|---|---|---|---|---|
| 1 | S0019/19 | ജീവിത ശൈലി രോഗങ്ങൾക്ക് (വൃദ്ധ ജനങ്ങൾക്ക്) മരുന്നു വാങ്ങൽ. | 2,00,000.00 17/2018-19, 10.01.2019 | 197881.00 | 2119.00 |
| 2 | S0020/19 | താലൂക്ക് ആശുപത്രിയിലെ കുട്ടികളുടെ വിഭാഗത്തിലേക്ക് മരുന്നു വാങ്ങൽ. | 2,00,000.00 20/2018-19, 17.01.2019 | 84327.00 | 115673.00 |
| 4 | S0018/19 | പെയിൻ & പാലിയേറ്റീവ് യൂണിറ്റിന് മരുന്നു വാങ്ങൽ. | 104665/-461/2018-19 14.12.2018 | 53783.00 | 42217.00 |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ഇൻവോയിസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ മുൻകൂറായി മരുന്നുകളുടെ വില നൽകിയിരുന്നെങ്കിലും ഒരു വർഷത്തോളമായിട്ടും മരുന്നുകൾ മുഴുവനും ലഭ്യമാക്കാത്തത് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. മരുന്നുകൾ നാളിതുവരെയും മുഴുവനായും ലഭിച്ചിട്ടില്ലാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.6/21.11.2109) മറുപടി ലഭിച്ചിട്ടില്ല. താലൂക്ക് ആസ്ഥാന ആശുപത്രിയെ ആശ്രയിക്കുന്ന സാധാരണക്കാരും താഴ്ന്ന വരുമാനക്കാരുമായ രോഗികൾക്ക് ആശുപത്രിയിൽ നിന്നും ആവശ്യമായ മരുന്നുകൾ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നും ലഭിക്കാനുള്ള

മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുനിസിപ്പൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

**2. പെയിൻ & പാലിയേറ്റീവ് കെയർ**

താലൂക്ക് ആസ്ഥാന ആശുപത്രിയുടെ മേൽനോട്ടത്തിൽ മുനിസിപ്പാലിറ്റിയിൽ പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റും സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പരിചരണം നൽകിയ രോഗികളുടെ വിവരം താഴെ ചേർക്കുന്നു.

| പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പേര്. | ആരംഭത്തിൽ ഉണ്ടായിരുന്ന രോഗികൾ | തൻവർഷം ഉൾപ്പെട്ടത്തിയ രോഗികൾ | തൻവർഷം നീക്കം ചെയ്യപ്പെട്ട രോഗികൾ | മരിച്ചവർ | വർഷാവസാനം ഉണ്ടായിരുന്ന രോഗികൾ |
|---|---|---|---|---|---|
| പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റ് | 1299 | 370 | 4 | 86 | 1579 |
| സെക്കണ്ടറി പാലിയേറ്റീവ് കെയർ യൂണിറ്റ് | 631 | 156 | 0 | 74 | 713 |
| ആകെ | 1930 | 526 | 4 | 160 | 2292 |

അവശ്യ മരുന്നുകൾ ആവശ്യ സമയത്ത് ലഭ്യമാകാത്തത് രോഗീപരിചരണത്തെ ബാധിക്കുന്നുണ്ട്. രോഗീപരിചരണത്തിന് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-32 നെൽകൃഷിക്ക് സബ്സിഡി-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് സബ്സിഡി എന്ന പദ്ധതിയിൽ 34 കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്യുകയും 21 കർഷകർക്ക് കൂലിച്ചെലവിന് സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | നെൽകൃഷിക്ക് സബ്സിഡി |
| പ്രോജക്ട് നം | S016/2019 |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ |
| അടങ്കൽ | 168000/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 3/18-19 തീയതി 19-12-18 തുക 100000/- |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിന് വിള ഇൻഷുറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടിൽ ഇത്തരത്തിൽ വിള ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

2. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ കുര്യാക്കോസ് മത്തായി, മുകളേൽ, കുത്തുകുഴി എന്ന വ്യക്തി ഹാജരാക്കിയിരിക്കുന്ന പാട്ടക്കരാർ 17.07.2010 മുതൽ 5 വർഷത്തേക്ക് ശ്രീ ഷിബു ഫിലിപ്പോസ്, ശ്രീ കുര്യാക്കോസ് മത്തായി എന്നീ വ്യക്തികളുടെ നിലം കൃഷി ചെയ്യുന്നതിനാണ്. രണ്ട് കരാറുകളുടെയും കാലാവധി 2015 ൽ അവസാനിച്ചിരിക്കെ 2018-19 വർഷത്തിൽ ടി വ്യക്തിക്ക് ഈ കരാറുകളുടെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടും വിള ഇൻഷുറൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് 20.11.2019 ൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മറ്റൊരു കരാറിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം അനുവദിക്കുമ്പോൾ കാലഹരണപ്പെട്ട കരാർ ആണ് സമർപ്പിച്ചിരുന്നത്. വിള ഇൻഷുറൻസ് പാടശേഖര സമിതിവഴിയാണെടുക്കുന്നതെന്നും 2018-19 ൽ ആയത് എടുത്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. 34 പേർക്ക് നെൽവിത്ത് വിതരണം ചെയ്തെങ്കിലും ഈ ഗുണഭോക്താക്കൾക്ക് മുഴുവൻ കൂലിച്ചെലവിന് സബ്സിഡി അനുവദിക്കാതെ 21 പേർക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതികൾ നടപ്പാക്കുമ്പോൾ കുറ്റമറ്റ രീതിയിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായും നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-33 പഠനോപകരണ വിതരണ പ്രൊജക്ട് - ഷെൽഫ് വിതരണം പൂർത്തിയാക്കിയില്ല.

നഗരസഭ നടപ്പാക്കിയ പഠനോപകരണ വിതരണ പ്രൊജക്ടിന്റെ നിർവ്വഹണം കാര്യക്ഷമമല്ല. രണ്ട് പ്രൊജക്ടുകളാണ് 2018-19 വർഷം നഗരസഭ നടപ്പാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം / പേര് | 1.S031/18-19,ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം |
| അടങ്കൽ തുക/ ഫണ്ടിനം | 150000<br>എസ് സി പി |
| ചെലവ് | 150000 രൂപ |
| ട്രഷറി ബിൽ നമ്പർ | .35/26.7.2018- 150000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

ആർട്ട്കോ ലിമിറ്റഡ് ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് 5000 രൂപ നിരക്കിൽഓപ്പൺ ഷെൽഫ് ടേബിളുകൾ വാങ്ങിയിട്ടുള്ളത്. ആർട്ട്കോ ലിമിറ്റഡിന് 18.3.2019 ലെ 371 നം ബില്ലിന്റെ

അടിസ്ഥാനത്തിൽ 30 ഷെൽഫുകളുടെ വിലയിനത്തിൽ 150000 രൂപ നൽകി.

അപാകതകൾ സംബന്ധിച്ച് 23.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 14) 29.11.2019 ൽ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 21ഷെൽഫുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. മുഴുവൻ ഷെൽഫുകളുടെയും വിതരണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. 9 ഷെൽഫുകളുടെ വിലയിനത്തിലെ 45000 രൂപ വിതരണത്തിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

# 1-34 ലാപ്പ് ടോപ്പ് വിതരണ പ്രൊജക്ട് - വിതരണം പൂർത്തിയാക്കിയില്ല.

നഗരസഭ നടപ്പാക്കിയ ലാപ്പ് ടോപ്പ് വിതരണ പ്രൊജക്ടിന്റെ നിർവ്വഹണം കാര്യക്ഷമമല്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം / പേര് | SO 30/18-19, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം |
| അടങ്കൽ തുക/ ഫണ്ടിനം | 1148960<br>എസ് സി പി |
| ചെലവ് | 668000 രൂപ |
| ട്രഷറി ബിൽ നമ്പർ | 1.36/26.3.2019 - 400800 രൂപ<br>2.41/27.3.2019 - 106880 രൂപ<br>3.42/ 27.3.2019 – 80160 രൂപ<br>4.43/ 27.3.2019 – 80160 രൂപ<br>ആകെ - 668000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |

നഗരസഭയുടെ 10.10.2018 ലെ H1-16897/18 നമ്പർ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇൻസൈറ്റ് സിസ്റ്റംസ്, തൊടുപുഴ എന്ന സ്ഥാപനത്തെ ലാപ്ടോപ്പ് ഒന്നിന് 26720 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 24.01.2019 ലെ 1-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തി. ഇൻസൈറ്റ് സിസ്റ്റംസ് 668000 രൂപയുടെ താഴെ പറയും പ്രകാരമുള്ള ബിൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ | ലാപ്ടോപ്പുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | C 497/26.03.2019 | 3 | 80160 |
| 2 | C 499/26.03.2019 | 4 | 106880 |
| 3 | C 498/26.03.2019 | 3 | 80160 |
| 4 | C 434/11.03.2019 | 3 | 80160 |
| 5 | C 435/11.03.2019 | 3 | 80160 |
| | | | |

| | | | |
|---|---|---|---|
| 6 | C 436/11.03.2019 | 3 | 80160 |
| 7 | C 437/11.03.2019 | 3 | 80160 |
| 8 | C 438/11.03.2019 | 3 | 80160 |
| | ആകെ | 25 | 668000 |

എന്നാൽ 19 ലാപ്പ് ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന ലാപ്പ്ടോപ്പുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 23.11.2019 ൽ ഓഡിറ്റ് എൻക്വയറി (നം.13) നൽകി. ആയതിന് 29.11.2019 നൽകിയ മറുപടിയിൽ ഉദ്യോഗസ്ഥർ മാറി മാറി വന്നതിനാലാണ് വിതരണം നടത്താൻ സാധിക്കാതിരുന്നത് എന്നറിയിച്ചു. എല്ലാ ലാപ്പ് ടോപ്പുകളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 6 ലാപ്ടോപ്പുകളുടെ വിലയിനത്തിലെ 160320 രൂപ വിതരണത്തിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

# 1-35 ഭവന നിർമ്മാണ പ്രോജക്ടുകൾ നിർവഹണത്തിൽ അപാകതകൾ

നഗര ദാരിദ്ര്യ ലഘൂകരണ സെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുകയുണ്ടായി.

1.പ്രോജക്ട് നമ്പർ 193/19 പ്രകാരം വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി വിഭാഗം) പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വാല്യുവേഷൻ പബ്ലിക്ക് വർക്ക്സ് ഓവർസിയർ ലഭ്യമാക്കിയിട്ടില്ലാത്തതായി/ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | നല്കിയ സബ്സിഡി തുക | ബിൽ നമ്പരും തീയതിയും | വാല്യുവേഷൻ തുക | റിമാർക്സ് |
|---|---|---|---|---|
| ഭവാനി, വേലം പറമ്പിൽ | 100000/- രൂപ | 9/18-19, 18.07.18 | - | വാല്യുവേഷൻ ഫയലിൽ ലഭ്യമല്ല |
| തങ്കമ്മ രാഘവൻ | 100000/- രൂപ | 54/18-19, 13.02.19 | 1,20,959 | വാല്യുവേഷൻ ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 26, തീയതി 27.11.19) നഗരസഭ ഹാജരാക്കിയ മറുപടി, വാല്യുവേഷൻ എടുത്ത ഓവർസിയർ സ്ഥലംമാറിപോയെന്നും അദ്ദേഹത്തെ വിളിച്ചുവരുത്തി അപാകത പരിഹരിക്കുന്നതാണെന്നുമാണ്. സബ്സിഡി തുക നല്കുന്നതിന് അടിസ്ഥാനമായ രേഖയാണ് വാല്യുവേഷൻ എന്നതിനാൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2. പി.എം.എ.വൈ. ലൈഫ് പദ്ധതിയിലെ ശ്രീമതി റെജി ബിനു, പൈനാടത്ത് എന്ന ഗുണഭോക്താവിന് നഗരസഭയിൽ നിന്നും 3 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള ഒരു ലക്ഷം രൂപയ്ക്കായി ശ്രീമതി റെജി ഹാജരാക്കിയിരിക്കുന്ന, നഗരസഭയിൽ നിന്ന് ലഭിച്ച ഓക്യുപെൻസി സർട്ടിഫിക്കറ്റിൽ (നമ്പർ PW2/1984417/2017 dtd.07.11.2018) വീടിന്റെ Plinth Area ആയി കാണിച്ചിരിക്കുന്നത് 69 Sqm ആണ്. 18.11.2017 തീയതിയിലെ 5476/N/2015/KSHO കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കേരളത്തിലെ മുനിസിപ്പാലിറ്റികൾക്കും,

കോർപ്പറേഷനുകൾക്കും അയച്ച സ്പഷ്ടീകരണത്തിൽ പറഞ്ഞിരിക്കുന്നത് പി.എം.എ.വൈ. പദ്ധതി പ്രകാരം നിർമ്മിക്കപ്പെടുന്ന വീടുകളുടെ കാർപ്പെറ്റ് ഏരിയ 60 Sqm അധികരിക്കരുതെന്നാണ്. അതിനാൽ മേൽപ്പറഞ്ഞിരിക്കുന്ന വീടിന്റെ കാർപ്പെറ്റ് ഏരിയ അളന്നതിട്ടപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ഇപ്രകാരം അനുവദനീയമായതിലും കൂടുതൽ അളവിൽ ഭവന നിർമ്മാണം നടക്കുന്നില്ല എന്നത് നഗരസഭ ഉറപ്പാക്കേണ്ടതുമാണ്.

# 1-36 മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല

2018-19 വർഷം കൈപ്പറ്റിയ താഴെപ്പറയുന്ന അഡ്വാൻസ് തുകകൾ നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാത്തതായി കാണുന്നു.

| ക്രമ നം | അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരൻ | ഉദ്ദേശ്യം | തുക/കൈപ്പറ്റിയ തീയതി | ചെക്ക് നം./ വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | ലിജുനാഥ് ആർ, സീനിയർ ക്ലർക്ക് | മിനിമാസ്റ്റ് ലൈറ്റ് കണക്ഷൻ | 500/- 04.05.2018 | 16/04.05.2018 |
| 2 | പി ഡി വർഗീസ് PWO(II) | ബിറ്റുമിൻ ഇറക്കുകൂലി | 2245/- 09.05.2018 | 32/09.05.2018 |
| 3 | ബിജി പി എം, PWO (I) | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 1,00,000/- 22.05.2018 | ചേർത്തിട്ടില്ല. |
| 4 | മണികണ്ണൻ കെ, ഹെൽത്ത് സൂപ്പർവൈസർ | ആരോഗ്യജാതകം കാംപെയ്ൻ | 50000/- 25.05.2018 | 76/25.05.2018 |
| 5 | ബിജി പി എം, PWO (I) | ബസ് സ്റ്റാന്റ് ഗട്ടർ റീഫില്ലിംഗ് | 5000/- 14.06.2018 | ചേർത്തിട്ടില്ല. |
| 6 | ബിൻസി ബേബി, ക്ലർക്ക് | വിദ്യാഭ്യാസ അവാർഡ് | 25000/- 29.06.2018 | ചേർത്തിട്ടില്ല. |
| 7 | വി ആർ ജയകുമാർ, ലൈബ്രേറിയൻ | പുസ്തകം വാങ്ങുന്നതിന് | 23520/- 04.07.2018 | 18/04.07.2018 |
| 8 | ബിജി പി എം, PWO (I) | പ്രളയം-സന്നദ്ധ പ്രവർത്തകർക്ക് റിഫ്രഷ്മെന്റ് | 20000/- 17.09.2018 | 40/17.09.2018 |
| 9 | പ്രദീപ് മരുതേരി HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/24.09.2018 |
| 10 | സജികുമാർ , JHI (I) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/24.09.2018 |
| 11 | Z പ്രകാശ്, HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 24.09.2018 | 55/24.09.2018 |
| 12 | ബിജി പി എം, PWO (I) | വിളയാൽ കുടിവെള്ള പദ്ധതി-സംരക്ഷണ ഭിത്തി | 50,000/- 20.10.2018 | 63/20.10.2018 |
| 13 | പ്രദീപ് മരുതേരി HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 28.11.2018 | 69/28.11.2018 |
| 14 | സജികുമാർ , JHI (I) | പ്രളയ ദുരന്ത നിവാരണം | 1,25,000/- 28.11.2018 | 70/28.11.2018 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 15 | Z പ്രകാശ്,<br>HI (II) | പ്രളയ ദുരന്ത നിവാരണം | 1,25,000/-<br>28.11.2018 | 71/28.11.2018 |
| 16 | Z പ്രകാശ്,<br>HI (II) | സ്വച്ഛ് ഭാരത് മിഷൻ | 50000/23.01.19 | 55/23.01.19 |
| 17 | ഹസൈനാർ എം എം,<br>സീനിയർ ക്ലർക്ക് | സി എഫ് ടെസ്റ്റ് | 2100/02.03.19 | 16/02.03.19 |
| 18 | പി ബി ഉല്ലാസ് ,<br>റവന്യൂ ഇൻസ്പെക്ടർ | രേഖപ്പെടുത്തിയിട്ടില്ല | 25000/02.03.19 | 17/02.03.19 |
| 19 | പി ഡി വർഗീസ്,<br>PWO (II) | രേഖപ്പെടുത്തിയിട്ടില്ല | 13329/13.03.2019 | 43/13.03.19 |
| 20 | ഹസൈനാർ എം എം,<br>സീനിയർ ക്ലർക്ക് | വാഹനത്തിന്റെ നികുതി,മറ്റ് ഫീസുകൾ | 73210/<br>29.04.19 | 66/29.04.19 |
| 21 | സജികുമാർ,<br>സജികുമാർ ,<br>HI | കുമ്പളത്തുമുറി സെന്ററിലേക്ക് മെഷീനറി കൊണ്ടു പോകുന്നതിന് | 20000/-<br>10.05.19 | 21/10.05.2019 |
| 22 | പ്രദീപ് മരുതേരി<br>HI (II) | സെപ്റ്റിക് ടാങ്ക് നിർമ്മാണം | 15000/-<br>13.05.19 | 24/13.05.19 |
| 23 | ഹസൈനാർ എം എം,<br>സീനിയർ ക്ലർക്ക് | മൈലേജ് ടെസ്റ്റ് | 7735/<br>21.06.19 | 46/21.06.19 |
| 24 | ഫെവിത ഐ എസ്,<br>PWO (III) | ജീപ്പ് സർവീസിംഗ് | 5000/-<br>11.07.19 | 29/11.07.19 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26.11.2019 ലെ 21 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ തുക ക്രമീകരിച്ചത് ചിലത് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്താത്തതായും കാണുന്നു. മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-37 ജി എസ് റ്റി ഇനത്തിൽ അധിക തുക നൽകി

തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കൽ പ്രൊജക്ടിന്റെ ജി എസ് റ്റി ഇനത്തിൽ അധിക തുക നൽകിയതിനാൽ 98714 രൂപയുടെ നഷ്ടം സംഭവിച്ചു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം / പേര് | 1.SO67/18<br>2.SO70/19 ( സ്പിൽ ഓവർ)<br>തെരുവ് വിളക്കുകൾക്കാവശ്യമായ ട്യൂബ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ |
| ഫയൽ നമ്പർ | PW1/19970/17 |
| അടങ്കൽ / ഫണ്ടിനം | 1965600 രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് / ട്രഷറി ബിൽ നമ്പർ | 1.4/18-19/21.6.18, 1164858 രൂപ<br>2.70/18-19/10.8.18,776572 രൂപ<br>ആകെ - 1941430 രൂപ |
| നിർവ്വഹണ | അസി:എഞ്ചിനീയർ |

| ഉദ്യോഗസ്ഥൻ | |
|---|---|

ടെണ്ടർ നോട്ടീസ് നം PW1-13981/17 ന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രിക്കൽസ് തിരുവാങ്കുളത്തെയാണ് നഗരസഭ ജനറൽ കമ്മറ്റിയുടെ 10.01.2018 ലെ 6-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് നിർവ്വഹണത്തിന് തിരഞ്ഞെടുത്തത്. എഡിസൺ ഇലക്ട്രിക്കൽസ് 16.01.2018 ൽ എഗ്രിമെന്റ് ഒപ്പ് വെച്ച് 728 ട്യൂബ് ലൈറ്റുകൾ വിതരണം ചെയ്യുകയും 19.03.2019 ലെ ബിൽ നം. B2C – 87 ന്റെ അടിസ്ഥാനത്തിൽ നഗരസഭ1941430 രൂപ അനുവദിക്കുകയും ചെയ്തു.

ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ട്യൂബ് സെറ്റിന്റെ വില (ക്വോട്ട് ചെയ്ത നിരക്ക്) | യൂണിറ്റൊന്നിന് 2260 രൂപ |
| ട്യൂബ് സെറ്റിന്റെ ആകെ വില | 2260X728= 1645280 രൂപ |
| ജി എസ് റ്റി ( 18%) | 296150 രൂപ |
| ആകെ | 1941430 രൂപ |

തുക അനുവദിച്ചതിലെ അപാകത താഴെ ചേർക്കുന്നു.

ഗുഡ്സ് &സർവീസസ് ആക്റ്റ് 2017 പ്രകാരം സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി വർക്ക്സ് കോൺട്രാക്റ്റിന്റെ പരിധിയിലാണ് ഉൾപ്പെടുന്നത്.

<u>Meaning of Works Contract</u>:

'Works Contract' means a contract for building, construction, fabrication, completion, erection, installation, fitting out, improvement, modification, repair, maintenance, renovation, alteration or commissioning of any immovable property wherein transfer of property in goods (whether as goods or in some other form) is involved in the execution of such contract.

<u>GST Rates of Works Contracts</u>:

| Sl. No. | Description | Applicable GST Rate |
|---|---|---|
| 1. | Composite supply of works contract supplied to the Central Government, State Government, Union territory, a local authority, a Governmental Authority or a Government Entity by way of construction, erection, commissioning, installation, completion, fitting out, repair, maintenance, renovation, or alteration of— <u>a civil structure or any other original works meant predominantly for use other than for commerce, industry, or any other business or profession</u> *Note*:-This will also include composite supply of works contract provided by a sub-contractor to the main contractor in respect of above mentioned services to the Central Government, State Government, Union territory, a local authority, a Governmental Authority or a Government Entity. | 12% |

വർക്ക്സ് കോൺട്രാക്കുകൾക്ക് ബാധകമായ ജി എസ് റ്റി 12% ആണ്. ഇക്കാര്യം 1.10.2018 ൽ നടന്ന **25 -ാം ജി എസ് റ്റി കൌൺസിൽ മീറ്റിംങ്ങിലും വ്യക്തമാക്കിയിട്ടുണ്ട്.**

<u>Works Contract Services by Sub-contractor to the Main contractor under the following scenario:</u>

Where the main contractor provides WCS to Central Government, State Government, Union territory, a local authority, a Governmental Authority or a Government Entity at the rate of 12%.

നഗരസഭ കരാറുകാരന് ആകെ തുകയുടെ 18% നിരക്കിലാണ് ജി എസ് റ്റി നൽകിയിട്ടുള്ളത്. കരാറുകാരൻ വാങ്ങിയ പ്രൊഡക്ടുകളുടെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന ജി എസ് റ്റി 12% ആയ 197436 ആണ്. ഇക്കാരണത്താൽ കരാറുകാരന് ജി എസ് റ്റി ഇനത്തിൽ 98714 രൂപ (296150-197436) അധികം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 27.11.2019 ൽ ഓഡിറ്റ് എൻക്വയറി നം (24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജി എസ് റ്റി സംബന്ധിച്ച അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-38 തൊഴിലുറപ്പ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ.

2018-19 വർഷത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളെ ക്കൊണ്ട് വിവിധ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതായി മസ്ററർ റോളുകളിൽ നിന്നും വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മസ്ററർ റോൾ നം. | തൊഴിൽ ദിനങ്ങൾ | നൽകിയ വേതനം |
|---|---|---|---|
| 1 | KL08231 M00027/1 | 78 | 21138 |
| 2 | KL08231 M00031/1 | 139 | 37669 |
| 3 | KL08231 M00014/2 | 60 | 16260 |
| 4 | KL08231 M0006/1 | 77 | 20867 |
| 5 | KL08231 M00011/1 | 70 | 18970 |
| 6 | KL08231 M0002/2 | 45 | 12195 |
| 7 | KL0823M00026/1 | 141 | 40108 |
| 8 | KL0823 M00017/1 | 86 | 23306 |
| 9 | KL0823 M0005/1 | 74 | 20054 |
| 10 | KL0823 M00031/1 | 70 | 18970 |
| 11 | KL0823 M0004/1 | 84 | 22764 |
| 12 | KL0823 M00028/1 | 93 | 25203 |
| 13 | KL0823 M00029/1 | 90 | 24390 |
| 14 | KL0823 M00016/1 | 137 | 37127 |
| 15 | KL0823 M0009/1 | 119 | 32249 |
| 16 | KL0823 M0003/1 | 89 | 24119 |
| 17 | KL0823 M00025/1 | 78 | 21138 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 18 | KL0823 M00015/1 | 121 | 32791 |
| 19 | KL0823 M0008/1 | 90 | 24390 |
| 20 | KL0823 M00012/1 | 72 | 19512 |
| 21 | KL0823 M00019 | 30 | 8130 |
| 22 | KL0823 M0007/1 | 101 | 19512 |
| 23 | KL0823 M00012/1 | 114 | 30894 |
| 24 | KL0823 M00010/1 | 79 | 21409 |
| 25 | KL0823 M00022/1 | 87.5 | 23712.5 |
| 26 | KL0823 M00022/2 | 181 | 49051 |
| 27 | KL0823 M00016/1 | 99 | 26829 |
| 28 | KL0823 M00019/1 | 100 | 27100 |
| 29 | KL0823 M000 1/1 | 222 | 60162 |
| 30 | KL0823 M000 24/1 | 214 | 57994 |
| 31 | KL0823 M00021/1 | 280 | 76151 |
| 32 | KL0823 M00020/1 | 144.5 | 39159.5 |
| 33 | KL0823 M00018/1 | 114 | 30894 |
| | ആകെ | 3579 | 9,69,909.00 |

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിന് ശേഷം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളികളെ പങ്കെടുപ്പിക്കണമെന്ന സർക്കാർ നിർദ്ദേശത്തെത്തുടർന്ന് അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളികളെ ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 21.08.2018 -ലെ കൌൺസിൽ അംഗീകാരം നൽകിയിരുന്നു.തൊഴിലുറപ്പ് പദ്ധതിയിൽ പ്പെടുത്തി നിർവഹണം നടത്തിയ മേൽവിവരിച്ച മസ്റ്റർ റോളുകകൾ പ്രകാരമുള്ള ശുചീകരണ പ്രവർത്തികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് വിവരങ്ങൾ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/25.11.2019) ലഭിച്ച മറുപടിയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ കണ്ടെത്തലുകൾ /അപാകതകൾ താഴെ ചേർക്കുന്നു.

1) മേൽപ്രകാരമുള്ള മസ്റ്റർ റോൾ പ്രകാരം ഏതെല്ലാം ദിവസങ്ങളിൽ എവിടെയൊക്കെ ശുചീകരണം നടത്തിയതെന്ന് ഫയലിൽ നിന്നും ലഭ്യമല്ലാത്തതും ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

2) മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തി അംഗീകാരം തേടിയിട്ടില്ലാത്തതും വിവരം സർക്കാരിലേക്ക് അറിയിച്ചിട്ടില്ലാത്തതും മൂലം പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിന്റെയും ചിലവിന്റെയും കണക്കിൽ ടി തുക ഉൾപ്പെടുവാൻ സാധ്യതയില്ല.

3) മോണിറ്ററിംഗ് നടത്തിയതിന്റെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ മോണിറ്ററിംഗ് നടന്നിട്ടില്ലായെന്ന് വ്യക്തമാണ്. മോണിറ്ററിംഗ് നടത്താത്തത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നിയമത്തിന്റെയും ഉത്തരവുകളുടെയും ലംഘനമാണ്. ശുചീകരണം നടത്തിയതായി വാർഡ് കൌൺസിലറുടെ സാക്ഷ്യപത്രം പോലും ലഭ്യമാക്കിയിട്ടില്ല.

4) ശുചീകരണത്തിന് മുൻപും (ജോലി ആരംഭിക്കുന്നതിന് മുൻപത്തെ) പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന സമയത്തും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷവും എടുത്തിട്ടുള്ള ഫോട്ടോകൾ ഫയലുകളിൽ നിന്നും ലഭ്യമല്ല. ഒരുമിച്ചോ വാർഡ് തിരിച്ചോ യാതൊരു എസ്റ്റിമേറ്റും തയ്യാറാക്കാതെയാണ് പ്രവർത്തികൾ ചെയ്തിരിക്കുന്നത്.

5) മസ്റ്റർ റോളിന്റെ താഴെ ഹെൽത്ത് സൂപ്പർവൈസറുടെ ഒപ്പും സീലുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. രണ്ടു വശങ്ങളിലുമായി തൊഴിലാളികൾ ഒപ്പിട്ട മസ്റ്റർ റോളുകളിൽ ആദ്യപേജിൽ മാത്രമാണ് ഹെൽത്ത് സൂപ്പർവൈസർ ഒപ്പിട്ടിരിക്കുന്നത്. ഓവർസിയറോ മുനിസിപ്പൽ എഞ്ചിനിയറോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറോ മസ്റ്റർ റോളുകൾ സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. 9,69,909/-രൂപ മൊത്തം വേതനമായി നൽകിയ മേൽ പറഞ്ഞ പ്രവർത്തികൾ സംബന്ധിച്ച് മസ്റ്റർ റോളുകൾ അല്ലാതെ യാതൊരു രേഖകളും ലഭ്യമല്ല. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളും ശുചീകരിച്ചതായി ഡാറ്റ എൻട്രി ഓപ്പറേറ്റർ അറിയിച്ചിട്ടുണ്ടെങ്കിലും വീട് നമ്പരോ ആരുടെ വീടാണെന്ന വിവരമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവുകളും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാണ്.

ഭാവിയിൽ നിയമങ്ങളും ഉത്തരവുകളും അനുശാസിക്കുന്ന പ്രകാരം പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-39 പെൻഷൻ ഫണ്ട്

2018-19 വർഷം റഗുലർ കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവുവന്നിട്ടുണ്ട്.

| മാസം | റെഗുലർ പെൻഷൻ | കണ്ടിജന്റ് പെൻഷൻ |
|---|---:|---:|
| ഏപ്രിൽ 2018 | 757728 | 233195 |
| മെയ് 2018 | 768185 | 223490 |
| ജൂൺ 2018 | 786058 | 225009 |
| ജൂലൈ 2018 | 793686 | 238979 |
| ആഗസ്റ്റ് 2018 | 823011 | 238979 |
| സെപ്റ്റംബർ 2018 | 834091 | 248754 |
| ഒക്ടോബർ 2018 | 834091 | 248754 |
| നവംബർ 2018 | 867315 | 287854 |
| ഡിസംബർ 2019 | 860677 | 293751 |
| ജനുവരി 2019 | 860169 | 293751 |
| ഫെബ്രുവരി 2019 | 866869 | 302218 |
| മാർച്ച് 2019 | 861316 | 303671 |
| ആകെ | 9913196 | 3138405 |

റഗുലർ പെൻഷൻ വിതരണത്തിനായി 2018-19 വർഷം 9913196 രൂപ ചെലവഴിച്ചെങ്കിലും, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ലഭിച്ച തുക കേവലം 16,24,844 (16.02.2019 ൽ ലഭിച്ചത്) രൂപ മാത്രമാണ്. ജൂലൈ 2019 ലെ കണക്ക് അനുസരിച്ച് നഗരസഭയിൽ 44 പെൻഷൻകാരും 10 ഫാമിലി പെൻഷൻകാരുമുൾപ്പെടെ 54 റെഗുലർ പെൻഷൻകാരും, 27 കണ്ടിജന്റ് പെൻഷൻകാരും ഉണ്ട്. 08.07.2019 തീയതിയിൽ എ6 (എ2) – 201/93(Vol.II) നമ്പരായി നഗരകാര്യ ഡയറക്ടർക്ക് അയച്ച കത്തിൽ നഗരസഭാ സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നത്, 01.07.2019 വരെ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 5,04,04,146 രൂപ അനുവദിക്കാനുണ്ടെന്നാണ്. പെൻഷൻ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി നഗരസഭാ കൌൺസിൽ സ്വീകരിക്കേണ്ടതാണ്.

2018-19 വർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ അടവാക്കിയ തുക 10,11,652 രൂപയാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം ജൂൺ 2019 മുതൽ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

# 1-40 നഗരസഭ സാമ്പത്തിക പ്രതിസന്ധിയിൽ

2018-19 വർഷത്തെ ഓഡിറ്റ് നടക്കുന്ന സമയത്ത് നഗരസഭ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നതായി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു.

. വസ്തുനികുതി പരിഷ്കരണ പ്രാബല്യതീയതി 1-4-2013 ൽ നിന്നും 14-2016 ആയി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6/3/19 ലെ സർക്കാർ ഉത്തരവ് (സാധാ) 540/2019 പ്രകാരം, പുതുക്കി നിശ്ചയിച്ചതിനാൽ 1-4-2013 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ നഗരസഭ പിരിച്ചെടുത്ത പരിഷ്ക്കരിച്ച വസ്തുനികുതി തുക വരും വർഷങ്ങളിൽ അടവാക്കാനുള്ള നികുതി തുകയിൽ ക്രമീകരിക്കേണ്ടിവന്നതും നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിക്ക് ഒരു കാരണമാണ്. 28.11.2019 തീയതിയിൽ നഗരസഭയുടെ തനത് വരുമാന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 15,53,915.85 രൂപ മാത്രമാണ്. സാമ്പത്തിക പ്രതിസന്ധി മൂലം ആവശ്യ ചെലവുകൾ നടത്തുന്നതിനും, ജീവനക്കാരുടെ ശമ്പളവും പെൻഷനും അനുവദിച്ച് നൽകുന്നതിനും താമസം സംഭവിക്കുന്നുണ്ട്. 2019 ജൂൺ മുതലുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേക്ക് അടവാക്കിയിട്ടില്ലാത്തതുമാണ്.

. അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണത്തിലൂടെയും, നികുതി നികുതിയേതര വരവിനങ്ങളുടെ കൃത്യമായ പിരിവിലൂടെയും, മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭയ്ക്ക് ചുമത്തി ഈടാക്കാവുന്ന വരുമാന സ്രോതസ്സുകൾ കണ്ടെത്തിയും, സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നഗരസഭാ കൗൺസിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 2-1 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വാർഷിക ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക സംബന്ധിച്ച വിവരങ്ങൾ.

(1) പ്രസ്തുത ചട്ടം 14 പ്രകാരം ഏതെങ്കിലും ഫാക്ടറിയോ, വർക് ഷോപ്പോ, ജോലിസ്ഥലമോ യന്ത്രസാമഗ്രിയോ, നിർമ്മാണയന്ത്രമോ ഒരു പുരയിടത്തിലോ, കെട്ടിടത്തിലോ പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള ഏതൊരു ലൈസൻസിയും 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിലും നഗരസഭ നൽകിയിട്ടുള്ള ലൈസൻസിന്റെ പകർപ്പിലും യന്ത്രത്തിന്റെ കുതിരശക്തി (എച്ച്.പി) രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിന് നിശ്ചയിക്കാവുന്ന പട്ടിക-3 പ്രകാരമുള്ള വാർഷിക ഫീസ് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര്/സ്ഥാപനം | യന്ത്ര സാമഗ്രി യുടെ എച്ച്.പി | ഈടാ ക്കേണ്ട തുക ₹ | ഈടാ ക്കിയ തുക ₹ | രസീത് നം./ തീയതി | കുറവ് ₹ |
|---|---|---|---|---|---|---|---|
| 1 | 31/106 മുതൽ 118 വരെ | മാനേജിംഗ് ഡയറക്ടർ, ഗ്രാമോക്സ് പേപ്പർ & ബോർഡ്സ് ലി., പുതുപ്പാടി പി.ഒ, കോതമംഗലം | 1980.16 | 57,905 | 12835* | 114935/ 27.02.2018 | 45,070 |
| 2 | 26/62 | ശ്രീ. പി.വി. കുര്യാക്കോസ്, പാലപ്പിള്ളിൽ, കറുകടം പി.ഒ, കോതമംഗലം | 400 | 10500 | 2235 | 116819/ 28.03.2018 | 8,265 |
| 3 | 25/301 | ശ്രീമതി. ഖദീജ ഇബ്രാഹിം, വെള്ളക്കാമറ്റം, വെണ്ടുവഴി, കോതമംഗലം | 250 | 6000 | 3000 | 114723/ 26.03.2018 | 3,000 |
| ആകെ | | | | | | | 56,335 |

*ക്രമ നം. 1 ൽ ലൈസൻസ് തുകയായി ആകെ ഈടാക്കിയിരിക്കുന്നത് 14037 രൂപയാണ് (രസീത് നം.114935/27.02.2018). ഇതിൽ എച്ച്.പി പ്രകാരം 12835 രൂപയും, ട്രാൻസ്ഫോർമർ, ജനറേറ്റർ സ്റ്റോറിങ്ങ് വേസ്റ്റ് പേപ്പർ എന്നിവയ്ക്കായി 1202 രൂപയുമാണ് ഈടാക്കിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 27.11.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് ഫീസിനത്തിൽ കുറവായി വന്ന തുക അടയ്ക്കുവാൻ നിർദ്ദേശം നൽകുന്നതും അടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ലഭ്യമാകാത്ത തൈകൾക്ക് അൺലോഡിംഗ് ചാർജ് നൽകി

കൃഷി ഫീൽഡ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി തെങ്ങിൻ തൈ, കുറ്റിക്കുരുമുളക് തൈ എന്നിവ വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്റ്റ് | തെങ്ങിൻ തൈ വിതരണം | കുറ്റിക്കുരുമുളക് തൈ വിതരണം |
|---|---|---|
| പ്രോജക്റ്റ് നം | S0226/2019 | S0227/2019 |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ |
| അടങ്കൽ | 96000/-(വികസന ഫണ്ട് ജനറൽ-77000/- ,മറ്റുള്ളവ 19000/-,) | 227000/-(വികസന ഫണ്ട് ജനറൽ- 170000/- , മറ്റുള്ളവ 57000/-) |
| ചെലവ് | 77000/- | 1,70,000/- |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 1) 1/18-19 തീയതി 19.12.2018 തുക 75,000/- 2)7/18-19 തീയതി 22.03.2019 തുക 2000/- | 1) 2/18-19 തീയതി 19.12.2018 തുക 1,68,000/- 2) 9/18-19 തീയതി 22.03.2019 തുക 2000/- |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം- ന്റെ ഇൻവോയ്സ് നം.52/18-19/ DFN തീയതി 22.10.2018 പ്രകാരം തെങ്ങിൻ തൈ, കുറ്റിക്കുരുമുളക് തൈ എന്നിവ ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | ഇൻവോയ്സ് പ്രകാരമുള്ള തുക | കൈമാറിയ തുക |
|---|---|---|---|---|
| കുറ്റിക്കുരുമുളക് (ഗ്രോ ബാഗിൽ) | 1500 | 150 | 225000 | 75,000 |
| തെങ്ങിൻ തൈ | 1000 | 75 | 75000 | 1,68,000 |

| | | | | |
|---|---|---|---|---|
| | | | കൈമാറിയ ആകെ തുക | 243000 |

19.12.2018 ൽ തൈകൾ ലഭ്യമാക്കുന്നതിന് തുക കൈമാറിയെങ്കിലും നാളിതുവരെ തൈകൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല. എന്നാൽ നാളിതുവരെ ലഭ്യമാകാത്ത തൈകൾ 15.03.2019ന് ഇറക്കി എന്നതിന്റെ രസീത് ഹാജരാക്കി ഓരോ പ്രോജക്ടിലും 2000/- രൂപ വീതം ആകെ 4,000/- രൂപ കൃഷി അസിസ്റ്റന്റ് ശ്രീ സാജു ഇ പി-ക്ക് അൺലോഡിംഗ് ചാർജ് നൽകിയിട്ടുണ്ട്. നാളിതുവരെ തൈകൾ ലഭ്യമാക്കാത്തതിനും, ഇത്തരത്തിൽ ലഭ്യമായിട്ടില്ലാത്ത തൈകൾക്ക് അൺലോഡിംഗ് ചാർജ് നൽകിയതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 20.11.2019 ലെ 4ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തൈകൾ മാർച്ചിന് മുൻപ് ലഭിക്കും എന്ന പ്രതീക്ഷയിലാണ് അൺലോഡിംഗിന്റെ തുക നൽകിയതെന്നും പ്രളയം മൂലം തൈകൾ ലഭ്യമാകുന്നതിൽ താമസം വന്നെന്നും അറിയിച്ചു. **തൈകൾ ലഭ്യമാകാതെ അൺലോഡിംഗ് ചാർജിനത്തിൽ നൽകിയ തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.** 4,000/- രൂപ കൈപ്പറ്റിയ കൃഷി അസിസ്റ്റന്റ് ശ്രീ സാജു ഇ പി യിൽ നിന്നോ, ഉത്തരവാദിയായ കൃഷി ഫീൽഡ് ഓഫീസറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 & 23.07.2019 | കെ.എസ്.എ- ഇ.കെ.എം.(പി.ജി) 1367(4) /2019/ 05.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ | വിവിധ | 21801040/ | 47501 | 47501 | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| അതോറിട്ടി | വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 31.12.18 | | | സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | | 21801352/ 56.03.19 | 239400 | 239400 | ,, |
| | | 21801270/ 14.3.19 | 60914 | 60914 | ,, |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800782/ 22.09.18 | 83001 | 83001 | ,, |
| | | 21801020/ 24.12.18 | 2071859 | 2071859 | ,, |
| | | 21801310/ 26.03.19 | 249381 | 249381 | ,, |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-5 വായ്പ / വായ്പാ തിരിച്ചടവ്

| ഉത്തരവ് | ലൈഫ്/ പി.എം. എ,വൈ ലോൺതുക | | വർഷാരംഭത്തിൽ തിരിച്ചടക്കുവാനുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | പി.എം.എ. വൈ | 12320000 | 00 | 00 | 00 | 12320000 |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | കെ.യു.ആർ. ഡി.എഫ്.സി | 23700000 | 766459 | 453626 | 62972 | 312833 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100 രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 64500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64500 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |
| 2016-2017 | 3-11 | 2017-18 | നഗരസഭ ടൌൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാദ്ധ്യത 83,61,108/-രൂപ. നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിന് ശേഷവും ആരംഭിച്ചിട്ടില്ല | നടപടികൾ സ്വീകരിച്ചു വരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 253,367,823 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 249563012.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 56335 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4000 |
| [illegible] | [illegible] |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3112376 |
|---|---|

**ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 56335 | | ശ്രീമതി കവിത എസ് കുമാർ, സെക്രട്ടറി |
| 3-1 | | 4000 | ശ്രീമതി എസ് സീനത്ത് ബീവി, കൃഷി ഫീൽഡ് ഓഫീസർ |
| ആകെ | 56335 | 4000 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2752056 | ശ്രീമതി. കവിത എസ്. കുമാർ സെക്രട്ടറി |
| 1-29 | 155000/- | ശ്രീമതി. കവിത എസ്. കുമാർ, സെക്രട്ടറി, കോതമംഗലം നഗരസഭ |
| 1-33 | 45000/ | ശ്രീ.കെ.വി. വിൻസെന്റ്, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-34 | 160320/- | ശ്രീ.പി.പി. മുഹമ്മദാലി അഷറഫ്, ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 3112376/- | |

**സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മതി കവിത എസ് കുമാർ സെക്രട്ടറി | സെക്രട്ടറി, കോതമംഗലം നഗരസഭ | ഗംഗാ നിവാസ്, ഹൌസിംഗ് ബോർഡിന് സമീപം, മൂവാറ്റുപുഴ |
| ശ്രീമതി എസ് സീനത്ത് ബീവി കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ, കോതമംഗലം | ഹാജ മൻസിൽ, ചിങ്ങേലി, |

| | | |
|---|---|---|
| | | കടക്കൽ പി ഒ,<br>കൊല്ലം |
| ശ്രീ. മുഹമ്മദാലി അഷറഫ്<br>ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ<br>വടകര<br>നഗരസഭ | ഒലിവ്,<br>ആയുക്ക് പരീക്കോട്,<br>കോഴിക്കോട് |
| ശ്രീ.കെ.വി. വിൻസെന്റ്<br>ജെ.എച്ച്.ഐ (I) | എച്ച്.ഐ I<br>മൂവാറ്റുപുഴ<br>നഗരസഭ. | കൊച്ചുപുരക്കൽ,<br>പിടവൂർ,<br>പല്ലാരിമംഗലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 dt.27.3.1998 |
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 dt.4.2.2003 |
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 dt.19.12.2005 |
| [illegible] | [illegible] |

| | |
|---|---|
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , dt. 26.08.15 |
| 2013-14,2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , dt. 19.09.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1)301/2019 , dt. 19.03.2019 |

ജോയിന്റ് ഡയറക്ടർ<br>എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2011ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കോതമംഗലം നഗരസഭയുടെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അനുബന്ധത്തിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

**കോതമംഗലം നഗരസഭയുടെ** 2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B -7 ഡെപ്പോസിറ്റ്സ് റിസീവ്ഡ് ഇനത്തിൽ 41147432 രൂപ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരസഭയുടെ 31.3.2019 ലെ തനത് ഫണ്ട് നീക്കിയിരിപ്പ് 13209901 രൂപ മാത്രമാണ്. ലയബിലിറ്റിയും നീക്കിയിരിപ്പും തമ്മിൽ വലിയ അന്തരമാണ് ഉള്ളത്.

4.ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B -7 കോഡ് നം. 340200100, 340200200 എന്നിവ പ്രകാരം Rent Deposit ഇനത്തിൽ 30655953 രൂപയും Auction Deposit ഇനത്തിൽ 9548055 രൂപയും ലയബിലിറ്റിയുണ്ട്. ലയബിലിറ്റി തുകയുടെ കൃത്യത ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല

5. B -15 ഷെഡ്യൂളിൽ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയുടെ ആനുപാതികമായ ലൈബ്രറി സെസ്സ് (5%) കുറവ് ചെയ്തിട്ടില്ല.

6. ബാലൻസ് ഷീറ്റ് B -11 ഷെഡ്യൂളിൽ ഡിപ്രിസീയേഷൻ രേഖപ്പെടുത്തിയിരിക്കുന്നതിൽ പല ഇനങ്ങളും ഒരുമിച്ചാണ് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. റോഡ്, തെരുവ് വിളക്കുകൾ പ്ലാന്റ് & മെഷിനറി എന്നിവ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

7.Rent receivable from Civic Aminities( Currently Arrear)എന്നീ ഹെഡ്ഡുകളിൽ Supplimentary arrear demand ചേർത്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

ജോയിന്റ് ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of KOTHAMANGALAM **MUNICIPALITY** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 295(6) of the Kerala Municipal Act 1994, Rule 60 of Kerala Municipality Account Rule 2007, and the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Municipal Institutions, and the instructions vide G.O(Rt) 1413/2018/LSGD dated 22/05/2018.

In my opinion, the Financial Statement of KOTHAMANGALAM **MUNICIPALITY** for the year 2018-19 subject to the observations in Annexure II, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**

**Defects Identified on Verification of Annual Financial Statement of Kothamangalam Municipality for the year 2018-19**

1. Property tax amounts in Annual Financial Statement and Sanchaya are not reconciling with each other.

2. All assets including land has not been included in the asset register and reconciled with Annual Financial Statement.

3. As per Annual Financial Statement Balance Sheet B-7 schedule Rs. 41147432 has been entered as Deposits received.The own Fund balance of Municipality as on 31.03.2019 is Rs. 13209901/-. There is big difference between Liability and Fund balance.

4. As per Financial Statement schedule B-7 code No. 340200100 and 340200200 under rent deposit and Auction deposit Rs. 30655953 and Rs.9548055 has been recorded. Registers to check the liability has not been presented.

5. Library Cess (5%) is not deducted in proportion to the property tax is B-15 schedule.

6. In Balance Sheet B-11 schedule Depreciation is enterd all together for Road ,Street light, plants & Machinery etc.

7. Supplementary arrear demand is included in the head of rent receivable from civic Aminities (current & Arrear). But the details has not been presented.

JOINT DIRECTOR